# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.8/356/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.8/356/2022 തീയ്യതി: 27/03/2022

## ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജീവ്.ആർ, | ഡെപ്യൂട്ടി ഡയറക്ടർ | 10-03-2022 | 22-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-03-2022 | 22-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു.പി. ഓഡിററ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി ബീന എ.ഡി(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ.മനേഷ് കുമാർ.ജി. സീ.ഗ്രേഡ് ഓഡിറ്റർ
ശ്രാമതി ലേഖ. പി.കെ. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .സുധർമ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ബിജി.എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. താഹ മുഹമ്മദ് മുസ്തഫ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. അഞ്ജു അരുമനായകൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. ആദംകുട്ടി | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി.എസ്. | 01-04-2019 | 31-03-2020 |
| ശ്രീമതി. സുമ. പി | വി.ഇ.ഒ, പുന്നപ്ര | 01-04-2019 | 26-11-2019 |
| ശ്രീമതി. ജയശ്രീ. കെ.വി. | വി.ഇ.ഒ,അറവുകാട് | 01-04-2019 | 31-03-2020 |
| ശ്രീ.സാഹിർ.കെ.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 17-07-2019 |
| ശ്രീമതി.സ്മിത.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 18-07-2019 | 31-03-2020 |
| ശ്രീമതി.ദീപ.പി.ആർ | വി.ഇ.ഒ, പുന്നപ്ര | 27-11-2019 | 31-03-2020 |
| ശ്രീമതി.ഷെജിന.എൻ | കൃഷി ഓഫീസർ | 01-04-2019 | 27-11-2019 |
| ശ്രീ..ജഗന്നാഥ്.ബി | കൃഷി ഓഫീസർ | 27-11-2019 | 31-03-2020 |
| ശ്രീമതി.സെൽമബീവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.മനോജ്.സി.കെ | ഫിഷറീസ് സബ്ഇൻസ്‌പെക്ടർ | 01-04-2019 | 13-10-2019 |
| ശ്രീ.അനുരാജ് | ഫിഷറീസ് സബ്ഇൻസ്‌പെക്ടർ | 14-10-2019 | 31-03-2020 |
| Dr.സുനി.കെ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 31-03-2020 |
| Dr.ബിന്ദുപ്രിയ.കെ | മെഡിക്കൽ ഓഫീസർ,പിഎച്ച്സി | 01-04-2019 | 31-03-2020 |
| ഡോ.ജോയ് ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2019 | 16-11-2019 |
| ഡോ.കെ.രമേഷ് | വെറ്ററിനറി സർജൻ | 16-11-2019 | 10-12-2019 |
| ഡോ.മോളി ആന്റണി | വെറ്ററിനറി സർജൻ | 11-12-2019 | 07-01-2020 |
| ഡോ.ബിജു.എസ്സ് | വെറ്ററിനറി സർജൻ | 08-01-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A.D.Beena (Asst. Audit Officer, On 11-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 26-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: P.Sabu (Audit Officer (HG), On 12-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 26-03-2022) | 1-2 |
| 3 | വാർഷിക കണക്ക് - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 21-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 26-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: P.Sabu (Audit Officer (HG), On 12-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 20-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം-<br>Written By: P.Sabu (Audit Officer (HG), On 12-03-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 20-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: A.D.Beena (Asst. Audit Officer, On 11-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 20-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.D.Beena (Asst. Audit Officer, On 11-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 23-03-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: A.D.Beena (Asst. Audit Officer, On 11-03-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 20-03-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: A.D.Beena (Asst. Audit Officer, On 11-03-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 11-03-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: A.D.Beena (Asst. Audit Officer, On 11-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 1-9 |
| 11 | വാടക കുടിശ്ശിക ഈടാക്കിയില്ല<br>Written By: Lekha (Auditor, On 21-03-2022)<br>Last Updated By: Lekha (Auditor, On 22-03-2022) | 1-10 |
| 12 | വസ്തു നികുതി ഒഴിവാക്കിയ വാസഗൃഹങ്ങളുടെ ഉടമസ്ഥന്റെ സത്യവാങ് മൂലം വാങ്ങി സൂക്ഷിക്കുന്നില്ല.<br>Written By: Maneshkumar G (Senior Grade Auditor, On 26-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 26-03-2022) | 1-11 |
| 13 | കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയ ഡാറ്റാ ബേസിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.<br>Written By: Maneshkumar G (Senior Grade Auditor, On 22-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 22-03-2022) | 1-12 |
| 14 | കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്ന് സേവന നികുതി ഈടാക്കുന്നില്ല.<br>Written By: Maneshkumar G (Senior Grade Auditor, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 26-03-2022) | 1-13 |
| 15 | അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് ചട്ടപ്രകാരം നടപടി സ്വീകരിക്കിന്നില്ല<br>Written By: Maneshkumar G (Senior Grade Auditor, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 26-03-2022) | 1-14 |

| | | |
|---|---|---|
| 16 | വസ്തുനികുതി- അനർഹമായ ഇളവുകൾ പുനപരിശോധിക്കേണ്ടതാണ്<br>Written By: Maneshkumar G (Senior Grade Auditor, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 26-03-2022) | 1-15 |
| 17 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - ആദായനികുതി ഈടാക്കിയില്ല -കേന്ദ്ര ഫണ്ടിന് നഷ്ടം -3000/-<br>Written By: P.Sabu (Audit Officer (HG), On 19-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 26-03-2022) | 1-16 |
| 18 | കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-കേന്ദ്രഫണ്ടിന് 10098/-രൂപ നഷ്ടം-<br>Written By: P.Sabu (Audit Officer (HG), On 19-03-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 22-03-2022) | 1-17 |
| 19 | ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ്ചെയ്യുന്നില്ല.<br>Written By: Lekha (Auditor, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 26-03-2022) | 1-18 |
| 20 | കാലഹരണപ്പെട്ട ഡപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല<br>Written By: Lekha (Auditor, On 21-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 26-03-2022) | 1-19 |
| 21 | ഐ.കെ.എം. വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: A.D.Beena (Asst. Audit Officer, On 17-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 26-03-2022) | 1-20 |
| 22 | ന്യൂട്രിമിക്സ് -ഗുണനിലവാര പരിശോധന റിപ്പോർട്ട് ഹാജരാക്കിയില്ല<br>Written By: Maneshkumar G (Senior Grade Auditor, On 22-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 26-03-2022) | 1-21 |
| 23 | മിതവ്യയത്തിനായി മത്സരാധിഷ്ഠിത ടെൻഡർ നടത്തിയില്ല- അംഗൻവാടികൾക്ക് വാങ്ങിയ അരിപ്പെട്ടിക്ക് അധിക വില നൽകി<br>Written By: Maneshkumar G (Senior Grade Auditor, On 22-03-2022)<br>Last Updated By: Lekha (Auditor, On 22-03-2022) | 1-22 |
| 24 | പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നിർവ്വഹിക്കപ്പെടുന്നില്ല-<br>Written By: A.D.Beena (Asst. Audit Officer, On 22-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 1-23 |
| 25 | ആസ്തി രജിസ്റ്റർ<br>Written By: A.D.Beena (Asst. Audit Officer, On 22-03-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 22-03-2022) | 1-24 |
| 26 | മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ വീട് വയറിംഗ് പ്രവൃത്തികൾ നടത്തി.<br>Written By: Maneshkumar G (Senior Grade Auditor, On 22-03-2022)<br>Last Updated By: Lekha (Auditor, On 22-03-2022) | 1-25 |
| 27 | അഗതി രഹിത കേരളം -അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 17-03-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 22-03-2022) | 1-26 |
| 28 | അംഗൻവാടി അവലോകനം<br>Written By: Maneshkumar G (Senior Grade Auditor, On 22-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 1-27 |
| 29 | പരസ്യങ്ങൾ നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതൽ നൽകുന്നത് പഞ്ചായത്തിനു നഷ്ടം-35339/-<br>Written By: Lekha (Auditor, On 21-03-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 22-03-2022) | 1-28 |
| 30 | റെയിൽവേയുടെ അനുമതിയില്ലാതെ പ്രദേശത്ത് നിർമ്മാണത്തിന് അനുമതി നൽകി<br>Written By: Maneshkumar G (Senior Grade Auditor, On 22-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 26-03-2022) | 1-29 |

| | | |
|---|---|---|
| 31 | പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്ത പരിശോധനയ്ക്ക് ശേഷവും ടാപ്പുകൾ വിച്ഛേദിക്കുന്നില്ല<br>Written By: A.D.Beena (Asst. Audit Officer, On 22-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 26-03-2022) | 1-30 |
| 32 | നെൽവിത്ത് - വിതരണ രേഖകൾ പൂർണ്ണമല്ല<br>Written By: A.D.Beena (Asst. Audit Officer, On 22-03-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 22-03-2022) | 1-31 |
| 33 | ചെലവ് രേഖകളുടെ അഭാവത്തിൽ 900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു-<br>Written By: P.Sabu (Audit Officer (HG), On 22-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 1-32 |
| 34 | എസ്റ്റിമേറ്റ് അളവിൽ ലിമിറ്റ് ചെയ്യാതെ കരാറുകാരന് തുക നൽകി - അധിക ചെലവ് 15559/-രൂപ<br>Written By: P.Sabu (Audit Officer (HG), On 19-03-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 22-03-2022) | 1-33 |
| 35 | എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ- സോളിഡ് ബ്ലോക്ക് മേസനറിക്ക് അധിക നിരക്ക്-നഷ്ടം- 5143/- രൂപ.<br>Written By: P.Sabu (Audit Officer (HG), On 19-03-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 22-03-2022) | 1-34 |
| 36 | ക്രമപ്രകാരമല്ലാതെ തുക ചെലവഴിക്കുന്നു<br>Written By: Lekha (Auditor, On 22-03-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 22-03-2022) | 1-35 |
| 37 | കംപോസ്റ്റ് യൂണിറ്റ് - പെയിന്റിങ്ങിന് ആവശ്യമില്ലാത്ത ഇനം നിർവ്വഹിച്ചു –അധിക ചെലവ് - 1944/-രൂപ<br>Written By: P.Sabu (Audit Officer (HG), On 21-03-2022)<br>Last Updated By: Lekha (Auditor, On 22-03-2022) | 1-36 |
| 38 | വാഹന പരിപാലനം രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Lekha (Auditor, On 21-03-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 22-03-2022) | 1-37 |
| 39 | മെറ്റലിംഗ് പ്രവർത്തിക്ക് സപ്ലൈ ചെയ്ത അളവിനെക്കാൾ അധികം അളവുപുസ്തകത്തിൽ രേഖപ്പെടുത്തി അധിക ചെലവ്-9134/-രൂപ<br>Written By: P.Sabu (Audit Officer (HG), On 19-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 1-38 |
| 40 | ഗ്രാവൽ ഫില്ലിംഗ്- സപ്ലൈ ചെയ്ത അളവിനെക്കാൾ അധികം അളവുപുസ്തകത്തിൽ രേഖപ്പെടുത്തി- അധികം തുക നൽകി-6348/-<br>Written By: P.Sabu (Audit Officer (HG), On 19-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 1-39 |
| 41 | കയർഭൂവസ്ത്രം വാങ്ങിയ അളവിനെക്കാൾ കൂടിയ ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായിരേഖപ്പെടുത്തി അധികം തുക ചെലവഴിച്ചു-നഷ്ടം- 20934/- രൂപ<br>Written By: P.Sabu (Audit Officer (HG), On 19-03-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 22-03-2022) | 1-40 |
| 42 | ലൈഫ് അവലോകനം<br>Written By: Maneshkumar G (Senior Grade Auditor, On 22-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 1-41 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | എസ്റ്റിമേറ്റ് അളവിൽ ലിമിറ്റ് ചെയ്യാതെ കരാറുകാരന് തുക നൽകി - അധിക | 3-1 |

| | | |
|---|---|---|
| | ചെലവ് 15559/-രൂപ<br>Written By: P.Sabu (Audit Officer (HG), On 22-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | |
| 2 | എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ- സോളിഡ് ബ്ലോക്ക് മേസനറിക്ക് അധിക നിരക്ക്-നഷ്ടം- 5143/- രൂപ.<br>Written By: P.Sabu (Audit Officer (HG), On 22-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 3-2 |
| 3 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - ആദായനികുതി ഈടാക്കിയില്ല -കേന്ദ്ര ഫണ്ടിന് നഷ്ടം -3000/-<br>Written By: P.Sabu (Audit Officer (HG), On 22-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 3-3 |
| 4 | കംപോസ്റ്റ് യൂണിറ്റ് - പെയിന്റിങ്ങിന് ആവശ്യമില്ലാത്ത ഇനം നിർവ്വഹിച്ചു –അധിക ചെലവ് - 1944/-രൂപ<br>Written By: P.Sabu (Audit Officer (HG), On 22-03-2022)<br>Last Updated By: Lekha (Auditor, On 22-03-2022) | 3-4 |
| 5 | കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-കേന്ദ്രഫണ്ടിന് 10098/-രൂപ നഷ്ടം-<br>Written By: P.Sabu (Audit Officer (HG), On 22-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 3-5 |
| 6 | മെറ്റലിംഗ് പ്രവർത്തിക്ക് സപ്ലൈ ചെയ്ത അളവിനെക്കാൾ അധികം അളവുപുസ്തകത്തിൽ രേഖപ്പെടുത്തി അധിക ചെലവ്-9134/-രൂപ<br>Written By: P.Sabu (Audit Officer (HG), On 22-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 3-6 |
| 7 | ഗ്രാവൽ ഫില്ലിംഗ്- സപ്ലൈ ചെയ്ത അളവിനെക്കാൾ അധികം അളവുപുസ്തകത്തിൽ രേഖപ്പെടുത്തി- അധികം തുക നൽകി-6348/-<br>Written By: P.Sabu (Audit Officer (HG), On 22-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 3-7 |
| 8 | കയർഭൂവസ്ത്രം വാങ്ങിയ അളവിനെക്കാൾ കൂടിയ ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായിരേഖപ്പെടുത്തി അധികം തുക ചെലവഴിച്ചു-നഷ്ടം- 20934/- രൂപ<br>Written By: P.Sabu (Audit Officer (HG), On 22-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 3-8 |
| 9 | പരസ്യങ്ങൾ നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതൽ നൽകുന്നത് പഞ്ചായത്തിനു നഷ്ടം-35339/-<br>Written By: P.Sabu (Audit Officer (HG), On 22-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 3-9 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A.D.Beena (Asst. Audit Officer, On 11-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A.D.Beena (Asst. Audit Officer, On 11-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 20-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: A.D.Beena (Asst. Audit Officer, On 11-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: A.D.Beena (Asst. Audit Officer, On 11-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: A.D.Beena (Asst. Audit Officer, On 11-03-2022) | 4-5 |

| | | |
|---|---|---|
| | Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: A.D.Beena (Asst. Audit Officer, On 11-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: A.D.Beena (Asst. Audit Officer, On 11-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: A.D.Beena (Asst. Audit Officer, On 11-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: A.D.Beena (Asst. Audit Officer, On 11-03-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: A.D.Beena (Asst. Audit Officer, On 11-03-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 11-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

12.02.2019 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 18.03.2020 തീയതിയിലെ 1(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 243900000 | 267005824 |
| വാർഷിക കണക്ക് പ്രകാരം(ഇൻകം &എക്സ്പെൻഡീച്ചർ) | 119548760 | 124798367 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവുചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 12.05.2020 |

## 1-2-1 വാർഷിക കണക്ക് - അപാകതകൾ

1)2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധി കള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേയ്ക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ താഴെ ചേർക്കുന്ന ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരുന്നിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) ഡിസ്ട്രിക്ട് കോ ഓപ്പറേറ്റീവ് ബാങ്ക്, Ownfund അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ(30.6.20) Cheques Issued But Not Presented Into Bank എന്നതിനു കീഴെ ഉൾപ്പെടുത്തിയിരിക്കുന്ന താഴെ ചേർക്കുന്ന ചെക്കുകൾ കാലാവധിക്കുള്ളിൽ (3 മാസം) മാറിയിട്ടില്ല.

(A)ചെക്ക് നം.18388 തീ.31.3.20 തുക 550/- രൂപ മേൽ അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ(30.6.2020) Cheques Deposited But Not Collected എന്നതിൽ താഴെ ചേർക്കുന്ന ചെക്കുകൾ ഉൾപ്പെടുത്തിയിരിക്കുന്നു.

(A)ചെക്ക് നം.228930 തീ.31.3.20 തുക 1769868/- രൂപ

(B)ചെക്ക് നം. 8726731 തീ.4.2.20 തുക 10750/- രൂപ

(C) ചെക്ക് നം. 7060114000 തീ.11.2.20 തുക 82700/- രൂപ

ബി) IOB(MGNREGA) എന്ന അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ(30.6.2020) Cheques Issued But Not Presented Into Bank എന്നതിനു കീഴെ ഉൾപ്പെടുത്തിയിരിക്കുന്ന താഴെ ചേർത്തിരിക്കുന്ന ചെക്ക് കാലാവധി കള്ളിൽ(3 മാസം) മാറിയിട്ടില്ല.

(A)ചെക്ക് നം.228930 തീ.31.3.20 തുക 1769868/- രൂപ

2) താഴെ ചേർക്കുന്നവയുടെ ചെലവ് ACR , വാർഷിക കണക്ക് ,സുലേഖ ചെലവ് പത്രിക എന്നിവ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം | ഫണ്ട് | ACR പ്രകാരം | വാർഷിക കണക്ക് RP-7 പ്രകാരം | സുലേഖ ചെലവ് പത്രിക പ്രകാരം |
|---|---|---|---|---|
| 1 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 4939000 | 4385503 | 4385503 |
| 2 | മെയിന്റനൻസ് ഫണ്ട് (റോഡ്) | 3544118 | 1410422 | 1410422 |
| 3 | വികസനഫണ്ട് (ധനകാര്യകമ്മീഷൻഅവാർഡ്) | 9126557 | 6361905 | 6361905 |

3)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011, പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2019-20 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ)റൂൾ 62(2)(ഇ) പ്രകാരം, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ,മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ

ബി)റൂൾ 62(2)(എഫ്) പ്രകാരം, അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാനുവലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾസി) റൂൾ 62(3) പ്രകാരം, ഈ ചട്ടങ്ങൾ ബാധകമാക്കുന്ന ആദ്യ വർഷത്തിലൊഴികെ എല്ലാ വർഷങ്ങളിലും മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തിയിട്ടില്ല.

4)വസ്തു നികുതി കളക്ഷൻ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളും സഞ്ചയ സോഫ്ററ് വെയറിൽ നിന്നുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5)അഡ്വാൻസ് രജിസ്റ്ററിൽ Other Advances, Advance To Implementing Officers, Advance To Others

എന്നിവയുടെ വിവരം ശരിയായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനങ്ങളിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

6)വികസനഫണ്ട് (ജനറൽ)വിഭാഗത്തിൽ ,I-6 പ്രകാരമുള്ള വരവ്-13879641/-RP-7 പ്രകാരം വരവ്- 12914493/-സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ (625000,625000-ലൈഫ്,234774,234774-kwa) RP-7 പ്രകാരം ആകെ വരവ്-14634041/-I-6 ലെയും RP-7 ലെയും വരവുകൾ തമ്മിൽ 754400/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ഈ തുകയിൽ സോഴ്സ് ഡിഡക്ഷൻ മൂന്നാം ഗഡുവിൽ നിന്നും 570400/-രൂപ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ കുറവ്ചെയ്ത തുകയാണ്. എന്നാൽ ആയതിന് ജി.ഒ.പ്രോജക്ട് വെച്ചിട്ടില്ല. ബാക്കിയുള്ള 184000/-രൂപയുടെ വ്യത്യാസവും വിശദമാക്കിയിട്ടില്ല.

7)വികസനഫണ്ട് (എസ്.സി.പി)വിഭാഗത്തിൽ ,സോഴ്സ് ഡിഡക്ഷൻരണ്ടും,മൂന്നും ഗഡുക്കളിൽ നിന്നായി 29412/-രൂപ വീതം ആകെ 58824/-രൂപ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ഇനത്തിൽ കുറവ് ചെയ്ത തുകയാണ്. എന്നാൽ ആയതിന് 29412/-രൂപയ്ക്ക മാത്രമാണ് ജി.ഒ.പ്രോജക്ട് വെച്ചിട്ടുള്ളത്.ബാക്കി 29412/-രൂപയ്ക്ക ജി.ഒ.പ്രോജക്ട് വെച്ചിട്ടില്ല.

8)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18പ്രകാരം Temporary Advance For Official Purposes 340469/- രൂപയും Advance To Others 258700/- രൂപയും ലഭിക്കാനുള്ളത് ഏതൊക്കെ ഇനത്തിലാണെന്നും ആരിൽ നിന്നും ലഭിക്കാനുള്ളതാണെന്നും വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

9) സപ്ളയേഴ്സ് ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ്,കോൺട്രാക്ടേഴ്സ് ഇ.എം.ഡി,അദർ ഡിപ്പോസിറ്റ് എന്നീയിനങ്ങളിൽ മൂന്നു വർഷത്തിലേറെയായി അവകാശമുന്നയിക്കാത്ത തുകകൾ അവശേഷിക്കുന്നു. ഇങ്ങനെയുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20828711 |

| | |
|---|---|
| വരവ് | 60649232 |
| ആകെ | 81477943 |
| ചെലവ് | 62244448 |
| നീക്കിയിരിപ്പ് | 19233495 |

## 1-4 ഫണ്ട് വിനിയോഗം-

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18700052 | 18700052 | 12914493 | 5785559 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2498176 | 2498176 | 1907000 | 591176 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 256000 | 256000 | 256000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 5926000 | 5926000 | 3544118 | 2381882 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4939000 | 4939000 | 4939000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 12967197 | 12967197 | 9126657 | 3840540 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 121 | 103512699 | 90 | 43002808 | 16 | 15 | 74.38 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8070 | 1897213 | 1905283 | 1902898 | 2385 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 44957220 | 44957220 | 44957220 | 0 |
| ആകെ | 8070 | 46854433 | 46862503 | 46860118 | 2385 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 344640 | 249 |
| കർഷകതൊഴിലാളി പെൻഷൻ | 4105200 | 704 |
| വിധവാപെൻഷൻ | 4818000 | 875 |
| വാർദ്ധക്യകാലപെൻഷൻ | 8661900 | 1759 |
| വികലാംഗപെൻഷൻ | 2236800 | 398 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 270000 | 9 |
| അവിവാഹിത പെൻഷൻ | 456600 | 82 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.2022, 3.30 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 54869/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സർക്കാർ ഉത്തരവ് പാലിക്കാതെ പരസ്യചെലവിന് തുക നൽകുന്നത് മൂലം തനത് ഫണ്ടിൽ അധിക ചെലവ്.
2.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

3.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
5.പഞ്ചായത്തിന്റെ വാഹനപരിപാലനവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ടുന്ന ഫ്യൂവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ ,തുടങ്ങിയവ എഴുതി സൂക്ഷിക്കുന്നില്ല.ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.
6.തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.
7.പ്രൊക്യുർമെന്റ് കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08-11-2010ലെ ജി.ഒ (പി) നം 259/2010- നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല..
8.തുടർ നടപടികളുടെ അഭാവം മൂലം ലക്ഷങ്ങൾ ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാതെ പാഴാകുന്നു. ( ഉദാ. കംപോസ്റ്റ് യൂണിറ്റ് )
9.പൊതുടാപ്പുകളുടെ വെള്ളക്കരം- സംയുക്തപരിശോധനയുടെ അഭാവം വെള്ളക്കരമിനത്തിൽ അധിക ചെലവിന് കാരണമാകുന്നു.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 വാടക കുടിശ്ശിക ഈടാക്കിയില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായിബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെപ്പറയുന്നവർക്ക് കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വാടക കൃത്യമായി ഈടാക്കിയിട്ടില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | വാടകാരന്റെ പേര് | കെട്ടിട നമ്പർ | ഈടാക്കാനുള്ള തുക |
|---|---|---|---|
| 1 | റിയാസ്,വൃക്ഷവിലാസം | 10/5G @480 | 3018/- |
| 2 | വിഷ്ണു ,വലിയപറമ്പ് | 10/5G,@1119 | 13428/- |
| | ആകെ | | 16446/- |

വാടക കുടിശ്ശിക ഈടാക്കാതിരുന്നതിനു വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (12/16.3.2022)നൽകിയതിന് വാടകകുടിശ്ശിക ഈടാക്കി തനതുഫണ്ടിൽ ഒടുക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ആയതു പ്രകാരം തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി ഒഴിവാക്കിയ വാസഗൃഹങ്ങളുടെ ഉടമസ്ഥന്റെ സത്യവാങ് മൂലം വാങ്ങി സൂക്ഷിക്കുന്നില്ല.

60 ചതുരശ്ര മീറ്ററിൽ (660 സ്ക്വയർഫീറ്റ്) വരെ വിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങളെയും 2015-16 സാമ്പത്തികവർഷം മുതൽ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/ കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ഒരു പഞ്ചവർഷ അസസ്മെന്റ് കാലയളവിലേക്ക് ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി കർശനമായും സൂക്ഷിക്കേണ്ടാതാണെന്ന് തദ്ദേശസ്വയംഭരണവകുപ്പിന്റെ 27.04.2015 ലെ സ.ഉ (എം.എസ്) 144/ 2015 ഉത്തരവിൽ വ്യക്തമാക്കുന്നു. ഗ്രാമപഞ്ചായത്ത് ഈ നിർദ്ദേശം പാലിച്ചിട്ടുണ്ടോയെന്ന് ഓഡിറ്റ് എൻക്വയറിയിലൂടെ (ഓഡിറ്റ് എൻക്വയറി നമ്പർ- 25/ 19-20 തീയതി 19.03.2022) അന്വേഷണത്തിന്റ മറുപടിയിൽ പുതിയ പുതുതായി നിർമ്മിക്കുന്ന 660 സ്ക്വയർ മീറ്റർ വരെ വിസ്തീർണ്ണമുള്ളകെട്ടിട ഉടമസ്ഥരിൽ നിന്ന് സത്യവാങ്മൂലം വാങ്ങുന്നുണ്ട് എന്നറിയിച്ചു. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കേണ്ടതും പഞ്ചവത്സര കാലയളവിന് ശേഷം വീടുകൾ പരിശോധനാവിധേയമാക്കി ഘടനാപരമായി മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ പുതിയ ചട്ടപ്രകാരമുള്ള നികുതി ഈടാക്കേണ്ടതുമാണ്.

## 1-12 കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയ ഡാറ്റാ ബേസിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 3 (അറവുകാട്)-ൽ പ്രവർത്തിച്ചുവരുന്ന പെട്രോൾ പമ്പ് സഞ്ചയ ഡാറ്റാബോസിൽ തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.സഞ്ചയയിൽ വാണിജ്യാവശ്യത്തിനുള്ള 100മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന ഈ കെട്ടിടം വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ , ഫ്യുവൽ സ്റ്റേഷൻ എന്ന തരംതിരിവിലാണ് യഥാർത്ഥത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്.

ഒരു ഫ്യൂവൽ സ്റ്റേഷൻ മാത്രമാണ് പഞ്ചായത്ത് പരിധിയിലുള്ളത്. ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് പഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷന്റെ വസ്തുനികുതി ചതുരശ്രമീറ്ററിന് 60 രൂപയായി പഞ്ചായത്ത് സമിതി തീരുമാനമെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ഫ്യൂവൽ സ്റ്റേഷന്റ വസ്തുനികുതി നിർണ്ണയിച്ചത്. ദേശീയപാതയ്ക്ക് സമീപമായി സ്ഥിതിചെയ്യുന്നതും സമാനമായ ഇടപാടുകൾ നടക്കുന്നതുമായ ഫ്യൂവൽ സ്റ്റേഷനാണ് ഇതൊന്നിരിക്കെ വളരെ കുറഞ്ഞ വസ്തു നികുതി മാത്രമാണ് ചുമത്തപ്പെട്ടിട്ടുള്ളത്. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഫ്യൂവൽ സ്റ്റേഷനുകളുടെ സെയിൽസ് റൂം ഓഫീസ് റൂം എന്നിവ മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി ചുമത്തുന്നില്ലായെന്നും കാണുന്നു. ഫ്യൂവൽ സ്റ്റേഷന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിടനം | പരിഗണിച്ച തറവിസ്തൃതി | ചുമത്തിയ വസ്തുനികുതി |
|---|---|---|---|
| ഗോപാലൻ വെളിംപറമ്പിൽ | 3/59 | 50.29m2 | 410 |

യഥാർത്ഥ ഇടപാടുകൾ നടക്കുന്ന ഭാഗത്തെ വസ്തുനികുതി ചുമത്താതെ പോകുന്നത് ഗ്രാമപഞ്ചായത്തിന് നികുതി ചോർച്ചയുണ്ടാക്കുന്നുണ്ട്. ഫ്യൂവൽ സ്റ്റേഷനുകളിലെ കാനോപ്പി ഏരിയ കൂടി ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് വിശദാംശം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-13 കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്ന് സേവന നികുതി ഈടാക്കുന്നില്ല.

കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285 ാം അനുച്ഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകൾ ഡ്രയിനേജ് എന്നീ സേവനങ്ങൾക്കായി 20ം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിലും സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സേവന നികുതി ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ സേവന നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയരി നൽകിയിരുന്നു(ഓഡിറ്റ് എൻക്വയറി നമ്പർ -33/19.03.2022). ഗ്രാമപഞ്ചായത്തിന്റെ ഒന്നാം വാർഡിൽ (സമരഭൂമി)1/26 നമ്പരായി സതേൺ റെയിവേ കെട്ടിടം സ്ഥിതി ചെയ്യുന്നുണ്ട്. പ്രസ്തുത കെട്ടിടത്തെ സേവന നികുതിയിൽ ഉൾപ്പെടുത്തി നികുതി ചുമത്തി ഈടാക്കാവുന്നതാണ്.

## 1-14 അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് ചട്ടപ്രകാരം നടപടി സ്വീകരിക്കിന്നില്ല

ഗ്രാമപഞ്ചായത്തിലെ നാളിതുവരെയുള്ള നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ ആകെ എണ്ണം 696 ആയി സഞ്ചയ ഡോറ്റാബോസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഡ് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | വാർഡിന്റെ പേര് | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| I | സമരഭൂമി | 145 |
| II | പോളിടെക്നിക് | 02 |
| III | അറവുകാട് | 01 |
| IV | ഇറത്തോട് | 03 |
| V | കരിമ്പാവലവ് | 0 |
| VI | കറുത്തമാം | 02 |
| VII | വെട്ടിക്കരി | 03 |

| | | |
|---|---|---|
| VIII | പോത്തശ്ശേരി | 02 |
| IX | ജെ.ബി സ്കൂൾ | 01 |
| X | പവർഹൌസ് | 0 |
| XI | പഞ്ചായത്ത് ഓഫീസ് വാർഡ് | 03 |
| XII | എസ്.എം.സി | 07 |
| XIII | റെയിൽവേസ്റ്റേഷൻ വാർഡ് | 80 |
| XIV | ഫിഷ് ലാന്റിങ്ങ് വാർഡ് | 184 |
| XV | ആഞ്ഞിലിപ്പറമ്പ് വാർഡ് | 150 |
| XVI | വിജ്ഞാനപ്രദായിനി | 54 |
| XVII | സി.വൈ.എം.എ | 59 |

കേരള പഞ്ചായത്ത് രാജ് ആകട് 235 എ.എ പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവേനമ്പർ, വസ്തു ഉടമയുടെ പേരു വിവരങ്ങൾ, കെട്ടിടത്തിന് നൽകപ്പെട്ട പ്രത്യേക നമ്പർ, കെട്ടിടത്തിന് ചുമത്തിയതും ഈടാക്കിയതുമായ വസ്തുനികുതി വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ പ്രത്യേക റജിസ്റ്ററുകൾ വാർഡുകൾ തിരിച്ച് സെക്രട്ടറി 2013 മുതൽ സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തി ഡിജിറ്റൽ സൈൻ ചെയത് പരിപാലിച്ച് പോരുന്നുണ്ട്.

നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക നമ്പർ നൽകപ്പെട്ടതും നടപടിയ്ക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ, വ്യാപാരത്തിനായോ മറ്റേതെങ്കിലും, വ്യവസായ ആവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടില്ലാത്തതും, അപ്രകാരം ഗ്രാമപഞ്ചായത്ത് ഏതെങ്കിലും അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിയ്ക്കും നോട്ടീസ് നൽകി അത് പുനപരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ കണക്കിലുള്ള അനധികൃത നിർമ്മാണങ്ങൾ എല്ലാം തീരദേശ പരിപാലന നിയമം ലംഘിച്ചിട്ടുള്ളതാണ്.

1.07.2017-ന് മുൻപ് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് വേണ്ടി 2018-ൽ കേരള പഞ്ചായത്ത് (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. ടി ചട്ടം 15.02.2018-ൽ നിലവിൽ വന്നിട്ടുള്ളതാണ്. അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ചട്ടം നിലവിൽ വന്ന് 90 ദിവസത്തിനകം അപേക്ഷ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. 90 ദിവസത്തിനകം അപേക്ഷ സമർപ്പിക്കണം എന്നുള്ള നിബന്ധന പിന്നീട് പലപ്പോഴായി 1319 ദിവസത്തിനകം എന്ന് ദീർഘിപ്പിച്ച് നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പ്രകാരം താഴെച്ചേർക്കുന്ന കെട്ടിടങ്ങൾ 31.07.2017-ന് മുൻപ് നിർമ്മാണം നടത്തിയിട്ടുള്ളതാണ്.

തീരദേശപരിധിയിൽ സ്ഥിതി ചെയ്യുന്നകെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനായി അസിസ്റ്റന്റ് എൻജിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ KCZMA യുടെ അനുമതിയ്ക്ക് സമർപ്പിച്ച് ക്രമവത്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി- അനർഹമായ ഇളവുകൾ പുനപരിശോധിക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 ൽ ഉൾപ്പെടുത്തിയ കെട്ടിടങ്ങളെ വസ്തുനികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയ നികുതി ഒഴിവ് നൽകിയ കെട്ടിടങ്ങളുടെ പട്ടിക പരിശോധിച്ചതിൽ സമുദായ സംഘടനകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്കും ഈ ഒഴിവ് നൽകിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് | നമ്പർ | അഡ്രസ്സ് | ഉപയോഗക്രമം |
|---|---|---|---|---|
| 1 | III | 339 | അറവുകാട് ക്ഷേത്രയോഗം, പുന്നപ്ര | രേഖപ്പെടുത്തിയിട്ടില്ല |
| 2 | X | 270 | സലഫീ കോപ്ലക്സ്,കേരള | രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | | നടുവത്തുൾ മുജാഹ്ദീൻ | |
| 3 | XIV | 210(UA) | പ്രസിജന്റ് ശ്രീ നാരായണ ഭജനമഠം | രേഖപ്പെടുത്തിയിട്ടില്ല |
| 4 | XVI | 433 | സർവ്വോദയ പങ്കുവെയ്ക്കൽ ചാരിറ്റബിൾ ട്രസ്റ്റ് | രേഖപ്പെടുത്തിയിട്ടില്ല |
| 5 | XVI | 430/A | സർവ്വോദയ പങ്കുവെയ്ക്കൽ ചാരിറ്റബിൾ ട്രസ്റ്റ് | രേഖപ്പെടുത്തിയിട്ടില്ല |

ഉപയോഗക്രമം പരിശോധിച്ച് രേഖപ്പെടുത്തി പട്ടിക പൂർത്തീകരിച്ച് സഞ്ചയ കാലികമാക്കേണ്ടതാണ്. ആരാധനാലയങ്ങൾ ഉൽപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് , അപ്രകാരമെങ്കിൽ ആരാധനാലയങ്ങളുടെ പട്ടികയിലേക്ക് ടി കെട്ടിടങ്ങളെ മാറ്റേണ്ടതാണ്. അല്ലാത്ത പക്ഷം നികുതി ചുമത്തേണ്ടതാണ്. നികുതി ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട മുഴവൻ കെട്ടിടങ്ങളെയും പരിശോധനാവിധേയമാക്കി നിയമപ്രകാരം ഒഴിവാക്കാനാവുന്നതാണോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - ആദായനികുതി ഈടാക്കിയില്ല -കേന്ദ്ര ഫണ്ടിന് നഷ്ടം -3000/-

അടങ്കൽ - 150000/-( മെയിന്റനൻസ് ഗ്രാന്റ്-റോഡ്)

പ്രൊജക്ട് നം. 47/19-20

ചെലവ് വിവരം- 150000/- ബിൽ നം. 3/19-20 Dt.30-03-20

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിപ്രകാരം 2019-20 വർഷം 150000/- രൂപയുടെ മരുന്ന് ടെണ്ടർ നടപടികളിലൂടെ കൃഷ്ണ ഏജൻസീസ്, ഫാർമസ്യൂട്ടിക്കൽ ഡിസ്ട്രിബ്യൂട്ടേഴസ്, മുതുകുളം നോർത്ത്, കായംകുളം.പി.ഒ , എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ ,വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ഇത്തരത്തിൽ ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല. ടി സ്ഥാപനത്തിൽ നിന്നും സോഴ്സ് ഡിഡക്ഷൻ നടത്താതിരുന്നതിന് ഉത്തരവുണ്ടെങ്കിൽ ലഭ്യമാക്കുവാനും, അല്ലാത്ത പക്ഷം മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ടും നൽകിയ എൻക്വയറിക്ക് (1/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ആദായനികുതി ഇനത്തിൽ ഈടാക്കാതിരുന്ന 3000/- രൂപ (150000/- രൂപയുടെ 2%) കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-17 കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-കേന്ദ്രഫണ്ടിന് 10098/-രൂപ നഷ്ടം-

1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ ,വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൻവർഷം നിർവ്വഹിച്ച താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ആദായ നികുതി ഈടാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി/വർക്ക് കോഡ്./അളവുപുസ്തകം | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത | ഈടാക്കേണ്ട ആദായ | FTO No./തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | മെറ്റീരിയലിന്റെ തുക. | നികുതി(1%) | |
| 8- ാം വാർഡിൽ കൊച്ചി തയ്യിൽ നിന്നും അടിച്ചിയിൽ രാജയുടെ വീട് വരെ റോഡ് നിർമ്മാണം./ 285630/ 145/19-20 | റാംസ് എൻജിനീയേഴ്സ് $ സർവ്വീസസ്,പ്രൈ.ലിമി. | 286224/- | 5724/- | 14983/18-04-20,Rs-296933/- |
| 8- ാം വാർഡിൽ കൊച്ചി തയ്യിൽ നിന്നും കിഴക്കോട്ട് കറുകപറമ്പിൽ അഷറഫിന്റെ വീട് വരെ റോഡു നിർമ്മാണം. 285631/ 142/19-20 | റാംസ് എൻജിനീയേഴ്സ് $ സർവ്വീസസ്,പ്രൈ.ലിമി. | 218748/- | 4374/- | 218748/-14189/ 26-05-20,(Q-bill) |
| | | ആകെ | 10098/- | |

ആദായ നികുതി ഈടാക്കാതെ തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (29 )മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-18 ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ്ചെയ്യുന്നില്ല.

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്തവരുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ റിപ്പോർട്ട് ചെയ്ത തീയതി | അനർഹമായ കാലയളവ്/തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | സിസിലിയാമ്മ ആന്റണി , പുത്തൻകളം | വാർദ്ധക്യകാല പെൻഷൻ 104490200710 | 9.4.2019 /30.4.2019 | 5/2019 മുതൽ 7/2019-വരെയുള്ള 3600/- രൂപ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി (A/c 57036470246) | 8/2019 മുതൽ മസ്റ്ററിംഗ് നടത്താത്തതിനാൽ തുക തടഞ്ഞ് വച്ചിരിക്കുന്നു. |
| 2 | തങ്കമണി, ഇരുപത്തിനാലിൽ | ,, 104490200843 | 18.5.2019/ 6.6.2019 | 5/2019 മുതൽ 7/2019വരെയുള്ള 1800/- രൂപ കൈമാറാൻ സാധിച്ചിട്ടില്ല (ഡയറക്ട് ടു ഹോം) | ,, |

| | | | | | |
|---|---|---|---|---|---|
| 3 | പൊന്നമ്മ ,പി.എസ്.വെളി | ,, 104490200390 | 25.1.2019/ 19.6.2019 | 1/2019 മുതൽ 7/2019 വരെയുള്ള 8100/-രൂപ കൈമാറാൻ സാധിച്ചിട്ടില്ല | ,, |
| 4 | സർജോൺ, കറുകപ്പറമ്പിൽ | ,, 104490201422 | 7.2.2019/ 19.6.2019 | 12/2018 മുതൽ 7/2019 വരെയുള്ള 4800/-രൂപ കൈമാറാൻ സാധിച്ചിട്ടില്ല | ,, |
| 5 | രവി.കെ. ഉള്ളാടൻപറമ്പ് | ,, 104490201960 | 8.2.2019/ 19.7.2019 | 12/2018 മുതൽ7/2019 വരെയുള്ള 9200/- രൂപ കൈമാറാൻ സാധിച്ചിട്ടില്ല | ,, |
| 6 | രാജമ്മ , പതിമൂന്നിൽ | ,, 104490201638 | 2.7.2019/ 29.7.2019 | - | 8/2019 മുതൽ മസ്റ്ററിംഗ് നടത്താത്ത തിനാൽ തുക തടഞ്ഞ് വച്ചിരിക്കുന്നു |
| 7 | തങ്കപ്പൻ ,പോളയിൽ | ,, 104490201612 | 30.7.2019/ 24.8.2019 | 5/2019 മുതൽ7/2019 വരെയുള്ള 1800/- രൂപ കൈമാറാൻ സാധിച്ചിട്ടില്ല | ,, |
| 8 | ഫാത്തിമ ,പഴയമഠം | ,, 104490201966 | 9.10.2018/ 3.10.2019 | 8/2018മുതൽ 7/2019 വരെയുള്ള 18000/- രൂപ കൈമാറാൻ സാധിച്ചിട്ടില്ല | ,, |
| 9 | നളിനാക്ഷൻ, തെക്കേവീട് | ,, 104490201017 | 12.9.2019/ 5.10.2019 | ഇല്ല | 8/2019 മുതൽ മസ്റ്ററിംഗ് നടത്താത്ത തിനാൽ തുക തടഞ്ഞ് വച്ചിരിക്കുന്നു |
| 10 | റംലത്ത് , കോരമംഗലം | ,, 104490201729 | 22.9.2019/ 5.10.2019 | ,, | ,, |
| 11 | പുരുഷോത്തമൻ, മണ്ണാംപറമ്പിൽ | ,, 104490200299 | 12.8.2019/ 10.10.2019 | 5/2019 മുതൽ7/2019 വരെയുള്ള 3600/- രൂപ കൈമാറിയിട്ടില്ല. | ,, |
| 12 | പ്രഭ,ആലിശ്ശേരിൽ | ,, | 1.10.2019/ | ഇല്ല | ,, |

| | | | | | |
|---|---|---|---|---|---|
| | | 104490201520 | 18.10.2019 | | |
| 13 | ഷംസുദീൻ, പോത്താശ്ശേരി | ,, 104490201071 | 3.12.2019/ 16.12.2019 | ,, | ,, |
| 14 | മനോഹരൻ, കൊച്ചപുരയ്ക്കൽ | ,, 104490200349 | 5.12.2019/ 16.12.2019 | ,, | ,, |
| 15 | കാർത്യായനി , കൊട്ടയ്ക്കാട് | കർഷകതൊഴലാളി പെൻഷൻ 104490100179 | 30.5.2019/ 1.7.2019 | 5/2019 മുതൽ7/2019 വരെയുള്ള 3600/- രൂപ കൈമാറിയിട്ടില്ല | ,, |
| 16 | ഓമന വടക്കേഅറ്റത്തുവീട് | ,, 104490100862 | 5.11.2019/ 19.112019 | ഇല്ല | ,, |
| 17 | കമലവാസു കുട്ടുങ്കൽ വെളി | ,, 104490100353 | 6.8.2019/ 5.9.2019 | 5/2019 മുതൽ7/2019 വരെയുള്ള 3600/- രൂപ കൈമാറിയിട്ടില്ല | ,, |
| 18 | പങ്കജാക്ഷിയമ്മ, വിജയനിവാസ് | ,, 104490100425 | 23.7.2019/ 13.8.2019 | 5/2019 മുതൽ7/2019 വരെയുള്ള 3600/- രൂപ കൈമാറിയിട്ടില്ല | ,, |
| 19 | സുരേന്ദ്രൻ, ആലുപറമ്പ് വെളി | ,, 104490100513 | 5.5.2019/ 19.7.2019 | 5/2019 മുതൽ7/2019 വരെയുള്ള 3600/- രൂപ കൈമാറിയിട്ടില്ല | ,, |
| 20 | സോമനാഥൻ പുളിംപറമ്പ് | ,, 104490100347 | 25.4.2019/ 135.2019 | 5/2019 മുതൽ7/2019 വരെയുള്ള 3600/- രൂപ കൈമാറിയിട്ടില്ല | ,, |
| 21 | തങ്കപ്പൻ , പടിഞ്ഞാറെപറമ്പിൽ | ,, 104490100263 | 25.2.2019/ 6.4.2019 | 12/2018മുതൽ 7/2019വരെ 9200/രൂപ കൈമാറിയിട്ടില്ല. | ,, |
| ആകെ | | | | 78100/- | |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണ റിപ്പോർട്ടു പ്രകാരം സസ്പെൻഡു ചെയ്ത് അനർഹമായ കാലയളവിൽ അക്കൌണ്ടിലേക്ക് നൽകിയ തുക കേരളബാങ്കിലെ പെൻഷൻഅക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-21/17.3.2022) നല്കിയതിനുമറുപടിയായി മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സസ്പെൻഡു ചെയ്തതിന്റെയും അനർഹമായ കാലയളവിലെ തുക കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശത്തിനായി ബാങ്കുകൾക്ക് 19.3.2022 ൽ കത്ത് നൽകിയതിന്റെയും വിവരം ലഭ്യമാക്കിയിട്ടുണ്ട്. തുക തിരികെ അടച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പുനർവിവാഹം/മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽനിന്നും ടിയാളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയുംചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ

സമയബന്ധിതമായി സേവനഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്.ആയതിന് സർക്കാർ ഉത്തരവ് (എം.എസ്)നം 97/2020 ധന.തീയതി 23.9.2020 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

- പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ പെൻഷൻ വിതരണത്തിനുശേഷവും മരണപ്പെട്ടവരുടെ വിവരം ശേഖരിച്ച് അന്വേഷണത്തിനുശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.
- മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.
- പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനന്തരവകാശികൾ പെൻഷൻ തുക കൈപ്പറ്റുന്നതായിശ്രദ്ധയിൽപ്പെട്ടാൽ തുക അനന്തരവകാശികളിൽ നിന്ന് തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-19 കാലഹരണപ്പെട്ട ഡപ്പോസിറ്റുകൾ മുതൽകൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 56 ബി പ്രകാരം മൂന്ന് വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ കാലഹരണപ്പെടുന്നതാണ്. ആയതിനാൽ ഇപ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണെങ്കിലും പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2013-2014 വർഷം മുതലുള്ള ഡെപ്പോസിറ്റുകൾ നിലനിൽക്കുന്നതായികാണുന്നു.2019-20 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടിയിരുന്ന ഡെപ്പോസിറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | തീയതി | രസീത്/വൌച്ചർനം | ഉദ്ദേശ്യം | സ്ഥാപനം/വ്യക്തിയുടെ പേര് | തുക |
|---|---|---|---|---|---|
| 1 | 17.7.2013 | 3728036 | സപ്ലയേഴ്സ് ഇ.എം.ഡി | അൽ-അമീൻ ട്രേഡിംഗ് കമ്പനി | 1250/- |
| 2 | 21.8.14 | 114011062 | ,, | സ്റ്റേറ്റ് പവർ ഇലക്ട്രിക്കൽസ് | 2500/- |
| 3 | ,, | 114011063 | ,, | ,, | 4650/- |
| 4 | 21.3.15 | 114101106804 | കോൺട്രാക്ടേഴ്സ് ഇ.എം.ഡി | ഗിരീഷ്കുമാർ | 459/- |
| 5 | ,, | 114101106805 | ,, | അശോക് കുമാർ | 261/- |
| 6 | ,, | 114101106806 | സപ്ളയേഴ്സ് സെക്യൂരിറ്റി ഡപ്പോസിറ്റ് | മുജീബ് | 445/- |
| 7 | ,, | 114101106807 | ,, | ഷാഹുൽ ഹമീദ് | 445/- |
| 8 | 23.3.2015 | 114101106870 | ,, | സന്തോഷ് | 303/- |
| 9 | ,, | 114101106871 | ,, | സന്തോഷ് | 303/- |
| 10 | 25.3.2015 | 114101107020 | ,, | വേണുഗോപാൽ | 504/- |
| 11 | 19.9.2015 | 11501101818 | അദർ ഡെപ്പോസിറ്റ് | ഷാഹുൽ ഹമീദ് | 500/- |
| 12 | 14.10.2015 | 11501102154 | ഓക്ഷൻ ഡപ്പോസിറ്റ് | രതീശൻ | 1000/- |
| 13 | ,, | 11501102155 | അദർ ഡെപ്പോസിറ്റ് | നസീർ | 1000/- |
| 14 | ,, | 11501102152 | സപ്ലയേഴ്സ് ഇ.എം.ഡി | ബാവക്കുട്ടൻ | 500/- |
| 15 | ,, | 11501102142 | അദർ ഡെപ്പോസിറ്റ് | സെബാസ്റ്റ്യൻ | 1000/- |
| 16 | ,, | 11501102135 | ,, | രാജേശ്വരി | 1000/- |
| 17 | ,, | 11501102134 | ,, | ഹരണ്യലാൽ | 1000/- |

| | | | | | |
|---|---|---|---|---|---|
| 18 | ,, | 11501102131 | ,, | ലീലാമ്മ പീറ്റർ | 1000/- |
| 19 | ,, | 11501102126 | ,, | സുധീർ | 1000/- |
| 20 | ,, | 11501102117 | ,, | മാർഗരറ്റ് | 1000/- |
| 21 | ,, | 11501102113 | ,, | ഓമന .കെ | 1000/- |
| 22 | ,, | 11501102112 | ,, | സനിൽ | 1000/- |
| 23 | ,, | 11501102111 | ,, | പുഷ്കരൻ.പി.കെ | 1000/- |
| 24 | ,, | 11501102110 | ,, | നിഷമോൾ | 1000/- |
| 25 | ,, | 11501102107 | ,, | ജയിൻ | 1000/- |
| 26 | ,, | 11501102103 | ,, | രംഗനാഥൻ | 1000/- |
| 27 | ,, | 11501102097 | ,, | ശശികുമാർ | 1000/- |
| 28 | ,, | 11501102095 | ,, | അനില | 1000/- |
| 29 | ,, | 11501102087 | ,, | അജയഘോഷ് | 1000/- |
| 30 | ,, | 11501102082 | ,, | മധു.വി | 1000/- |
| 31 | | 11501102076 | ,, | ജോബ് | 1000/- |
| 32 | | 11501102075 | ,, | മേരി സിൻഡ്രല്ല | 1000/- |
| 33 | | 11501102074 | ,, | ജയശ്രീ | 1000/- |
| 34 | | 11501102073 | ,, | നഹാസ് | 1000/- |
| 35 | | 11501102068 | ,, | ബിന്ദു | 1000/- |
| 36 | | 11501102065 | ,, | രാജേന്ദ്രൻ | 1000/- |
| 37 | | 11501102064 | ,, | സത്യമ്മ | 1000/- |
| 38 | | 11501102063 | ,, | അനിതകുമാരി | 1000/- |
| 39 | | 11501102049 | ,, | സുബൈദ | 1000/- |
| 40 | | 11501102018 | സപ്ലയേഴ്സ് ഇ.എം.ഡി | നിസാമുദീൻ | 1000/- |
| 41 | 31.3.2016 | 115014900093 | സെൽഫ് | ,, | 1788/- |
| 42 | ,, | | ,, | ,, | 500/- |
| ആകെ | | | | | 42408/- |

ഇത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 37/19.3.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്.

## 1-20 ഐ.കെ.എം. വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പ്രോജക്ട് നം - S0006/20

പ്രോജക്ടിന്റെപേര് - ഐ.കെ.എം. വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് - 90000/-

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം മാനേജരുടെ എസ്.ബി.ഐ.നന്തൻകോട് ബ്രാഞ്ചിലെ 57047023512 നം.അക്കൗണ്ടിലേക്ക് 90000/-രൂപ നൽകി(ബിൽ നം.8/19-20/8.8.19 തുക.90000/-).തുക ലഭിച്ചതായി ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറുടെ കൈപ്പറ്റ് രശീത് ഉണ്ട്. 90000/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/ 15.3.22),വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ട് മാനേജർ, ഐ.കെ.എം ന് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ആയതിനാൽ ചെലവ് തുക 90000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ന്യൂട്രിമിക്സ് -ഗുണനിലവാര പരിശോധന റിപ്പോർട്ട് ഹാജരാക്കിയില്ല

അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ രണ്ട്മാസത്തിൽ ഒരിക്കൽ ഫുഡ് ടെസ്റ്റ് ലാബിൽ ഗുണനിലവാര പരിശോധനക്ക് വിധേയമാക്കുവാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 18.02.2010-ലെ ഐ.സി.ഡി.എസ്.ബി3-312/2010 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ 26

അങ്കണവാടികളിൽ 775862 രൂപയുടെ ന്യൂട്രിമിക്സ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം വിതരണം ചെയ്തിട്ടുള്ള ന്യൂട്രിമിക്സ് സാമ്പിളുകൾ ഗുണനിലവാര പരിശോധനക്ക് വിധേയമാക്കിയിട്ടില്ല. സർക്കുലറിൽ നിർദ്ദേശിച്ചതുപോലെ രണ്ട് മാസത്തിലൊരിക്കൽ വീതം സാമ്പിൾ ടെസ്റ്റ് നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പരിശോധനക്ക് വിധേയമാക്കുന്ന സാമ്പിളുകൾ തൃപ്തികരമായ ഗുണനിലവാരം പുലർത്തുന്നില്ലെന്ന് ലാബ് റിപ്പോർട്ടിൽ തെളിയുന്നപക്ഷം പ്രസ്തുത ബാച്ചിൽപ്പെട്ട ഭക്ഷ്യമിശ്രിതത്തിന്റെ വില അത് വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റിന് നൽകേണ്ടതില്ല എന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-22 മിതവ്യയത്തിനായി മത്സരാധിഷ്ഠിത ടെൻഡർ നടത്തിയില്ല-അംഗൻവാടികൾക്ക് വാങ്ങിയ അരിപ്പെട്ടിക്ക് അധിക വില നൽകി

ഗ്രാമപഞ്ചായത്തിലെ അംഗൻ വാടികളുടെ ഭക്ഷ്യവസ്തുക്കളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി ധാന്യങ്ങൾ സൂക്ഷിക്കുന്നതിനായി അരിപ്പെട്ടി വാങ്ങിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി.പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര് നമ്പർ | ഫണ്ടിനം | തുക | ചെലവ് |
|---|---|---|---|
| അങ്കണവാടിയ്ക്ക് അരിപ്പെട്ടി വാങ്ങൽ S0005/20 | വികസനഫണ്ട് (ജനറൽ) | 70000 | 65681 ബിൽ നമ്പർ- 5/19-20 21.01.2020 |

കേരള ആർട്ടിസാൻ ഡെവലപ്പമെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് 120X 60X60 എന്ന അളവിലുള്ള സ്റ്റീൽ നിർമ്മിതമായ 5 ധാന്യപ്പെട്ടികൾ ഒന്നിന് 10720 രൂപ എന്ന നിരക്കിൽ (നികുതികൾ ഒഴികെ) 22.11.2019 ലെ ബിൽ പ്രകാരം കാഡ്കോയുടെ എറണാകുളം ജില്ലയിലെ കലൂർ ശാഖയിൽ നിന്ന് വാങ്ങുകയുണ്ടായി. വാങ്ങലുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകളും വിശദീകരണവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ജി.ഒ.(പി) നം. 03/2013 /എസ്.പി.ഡി. തീയതി.21.06.2013 പ്രകാരം സാധന/ സേവന സമാഹരണത്തിൽ കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്വം എന്നിവ ഉറപ്പാക്കുവാൻ മാന്വലിലെ മാനദണ്ഡങ്ങൾക്ക് വിധേയമാക്കണം എന്ന് ഖണ്ഡിക (1.3) ൽ പ്രതിപാദിക്കുന്നുണ്ട്. മിതവ്യയത്വം ഉറപ്പാക്കുന്നതിനായി മററ് ഏജൻസികളിൽ നിന്നും മേൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ധാന്യപ്പെട്ടിയുടെ വില താരതമ്യം ചെയ്യുകയുണ്ടായില്ല. ഉദാഹരണത്തിന് സിഡ്കോയുടെ വിവവിവരപ്പട്ടിക പ്രകാരം 120X90X60 വലിപ്പത്തിലുള്ള ധാന്യപ്പെട്ടിയ്ക്ക് 6223 രൂപ മാത്രമേ വിലയുള്ളൂ. ധാന്യപ്പെട്ടിയുടെ വിലയിൽ കാഡ്കോയുടെ വില സിഡ്കോയുടെ വിലയേക്കാൾ 4497 രൂപയുടെ വർദ്ധനവ് ഉണ്ടായതായി കാണുന്നു.

സ്റ്റോർപർചേസ് മാനുവൽ പ്രകാരം ഒരു പ്രത്യേക നിർമ്മാതാവിന്റെ പേര് , കാറ്റലോഗ് നമ്പർ എന്നിവ ഉൾപ്പെടുത്താൻ പാടില്ല.(ഖണ്ഡിക.4.1).എന്നാൽ ഇത് പാലിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. മിതവ്യയം ഉറപ്പാക്കുന്നതിനായി മത്സരാധിഷ്ഠിത ടെൻഡർ നടത്താതെ പഞ്ചായത്ത് കമ്മറ്റിയുടെ 03.09.2019 ലെ 1(4 )ാം നമ്പർ തീരുമാനപ്രകാരമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 13/15.03.2022) മറുപടി പരിഗണിക്കാവുന്നതല്ല. മാന്വൽ പ്രകാരമുള്ള ചട്ടങ്ങൾ പാലിക്കാതെ വാങ്ങിയത് വിശദീകരണം ലഭ്യമാക്കുന്നത് വരെ ചെലവഴിച്ച 65681 രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നിർവ്വഹിക്കപ്പെടുന്നില്ല-

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08-11-2010ലെ ജി.ഒ (പി) നം 259/2010- നമ്പർ ഉത്തരവിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സമാഹരണ ചക്രത്തിൽ (Procurement Cycle) ആവശ്യം തിരിച്ചറിയൽ മുതൽ വിലയിരുത്തലും കരാർ അവസാനിപ്പിക്കലും വരെയായി 15 ഘട്ടങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സെക്രട്ടറി / നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതും വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല ടീം നിർവ്വഹിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക , അപായ ഘടകങ്ങൾ പരിശോധിക്കൽ, വിതരണക്കാരേയും സേവനദാതാക്കളേയും തിരിച്ചറിയൽ ലഭ്യമാകുന്ന രേഖകളിൽ വ്യക്തത വരുത്തൽ, വിലയിരുത്തൽ ഉടങ്ങികരാർ അവസാനിപ്പിക്കൽ വരെയുള്ള നടപടികൾ ഈ ടീമിൽ നിക്ഷിപ്തമാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കുന്നതിനായി പ്രസിഡന്റ് ചെയർപേഴ്സണും, വൈസ് പ്രസിഡന്റ് ഡെപ്യൂട്ടി ചെയർപേഴ്സണും സെക്രട്ടറി കൺവീനറും, എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും , നിർവ്വഹണ ഉദ്യോഗസ്ഥരും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ രണ്ടു പേരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. രേഖകളുടെ വസ്തുതാപരമായ കൃത്യത സെക്രട്ടറിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ

പരിശോധിച്ചതിന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ രേഖകൾ സമർപ്പിക്കേണ്ടതാണ്.

പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ തൻ വർഷം 09.04.19 തീയതിയിൽ കൂടിയിട്ടുള്ള 5 പേർ പങ്കെടുത്ത യോഗത്തിൽ(പ്രസിഡന്റ്,വൈസ് പ്രസിഡന്റ്,3 സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ) തൻവർഷം ആസൂത്രണ സമിതി അംഗീകരിച്ച വിവിധ പ്രോജക്റ്റുകളിലെ വാങ്ങലുകൾ സംബന്ധിച്ച ദർഘാസ്/ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കുന്നതിനും, പ്രസ്തുത പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാമഗ്രികൾ വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയും 1 തീരുമാനം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പിന്നീട് 26.10.19 ൽ ചേർന്ന 5 പേർ പങ്കെടുത്ത (പ്രസിഡന്റ്,വൈസ് പ്രസിഡന്റ്,3 സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ) യോഗത്തിലും വാങ്ങലുകൾ സംബന്ധിച്ച പ്രോജക്റ്റ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളുടെ ദർഘാസ്/ടെണ്ടർ/ക്വട്ടേഷൻ എന്നിവ അംഗീകരിക്കുന്നതിനും,. ആയത് പ്രകാരം തൻവർഷം നടത്തുന്ന വിവിധ വാങ്ങലുകളിലേക്കായി വാങ്ങിയ ഉപകരണങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും ഒരു തീരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2019-20 വർഷം ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി കമ്മിറ്റി പിന്നീട് യോഗം ചേർന്നിട്ടില്ല. തൻവർഷം എച്ച് എം നിർവ്വഹണ ഉദ്യോഗസ്ഥനായി പഠനോപകരണങ്ങളും, ഫർണിച്ചറുകളും വാങ്ങിയിട്ടുണ്ട്. ഐസിഡിഎസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വയോജനങ്ങൾക്ക് കട്ടിൽ, ധാന്യപ്പെട്ടി എന്നിവയും വാങ്ങിയിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കമ്പ്യൂട്ടർ, ടിവി, മോണിട്ടർ, പ്രിന്റർ തുടങ്ങിയവയും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയുടെയൊന്നും തന്നെ ഗുണനിലവാരമോ, സ്പെസിഫിക്കേഷനോ, തുടങ്ങിയവയൊന്നും തന്നെ കമ്മിറ്റിയിൽ ചർച്ച ചെയ്യപ്പെട്ടിട്ടില്ല. 2019-20വർഷം പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആരെല്ലാമാണ് ടീമിൽ ഉള്ളത്? ,പ്രൊക്യൂർമെന്റ് കമ്മിറ്റി, പ്രൊക്യൂർമെന്റ് ടീം എന്നിവയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന ഘടനയിൽ ഇവ രൂപീകരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ആയതിന്റെ കാരണം? തുടങ്ങിയ വിവരങ്ങളും, അതിനോടനുബന്ധിച്ച രേഖകളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 39തീയതി.21.3.22) മറുപടി ലഭ്യമാക്കിയില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റികൾ സർക്കാർ ഉത്തരവുകൾ പാലിച്ചും, ആയതിന്റെ അന്തസ്സത്ത ഉൾക്കൊണ്ടും, ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്ന രീതിയിലും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-24 ആസ്തി രജിസ്റ്റർ

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി ഫയലിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.-

1) ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2012 ന് മുൻപുള്ള വർഷങ്ങളിലെ കുറച്ച് റോഡുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ്മെന്റുകൾ ഫയലാക്കി സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിൽ തന്നെ റോഡുകളുടെ നിർമ്മാണ വർഷം, നിർമ്മാണ ചെലവ് എന്നിവ എല്ലാ ആസ്തികളുടെയും നേരെ രേഖപ്പെടുത്തിയിട്ടില്ല. 2019-20 വർഷവും, അതിന് മുൻപുള്ള വർഷങ്ങളിലും നിരവധി ടാർ ,കോൺക്രീറ്റ് റോഡുകളും, മറ്റ് നിരവധി ആസ്തികളും വിവിധ പദ്ധതികളിലുൾപ്പെടുത്തി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ആസ്തി ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2)ജംഗമ വസ്തുക്കളുടെ വിവരങ്ങൾ (അവയുടെ വില, വാങ്ങിയ തീയതി, ആരുടെ കൈവശം സൂക്ഷിച്ചിരിക്കുന്നു,)തുടങ്ങിയ വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

3)ഭൂമി, കെട്ടിടങ്ങൾ തുടങ്ങിയ സ്ഥാവര ആസ്തികളുടെ വിവരങ്ങൾ ഫയലിൽ ഇല്ല.

4) ഫയലിൽ സൂക്ഷിച്ചിട്ടുള്ള വിവരങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5)പഞ്ചായത്തിലെ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ് വെയർ മുഖേന ഡിജിറ്റലൈസ് ചെയ്ത് കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടോ?

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22 തീയതി.18.3.22),ആസ്തി വിവരങ്ങൾ കാലികമാക്കുന്നതിനായി 2021-22വാർഷിക പദ്ധതിയിൽ S0140/22 നം.പ്രോജക്റ്റ് പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള ജോലി പുരോഗമിക്കുന്നു. ജംഗമ വസ്തുക്കൾ കൈമാറിക്കിട്ടിയിട്ടില്ല എന്നിങ്ങനെ മറുപടി ലഭ്യമാക്കി.പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികൾ അന്യാധീനപ്പെട്ടുപോകാതെ ,ആസ്തികളുടെ വിവരങ്ങൾ കാലികമാക്കി , ആസ്തി രജിസ്റ്റർ സചിത്ര സോഫ്റ്റ് വെയർ മുഖേന ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

## 1-25 മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ വീട് വയറിംഗ് പ്രവൃത്തികൾ നടത്തി.

2019-20 സാമ്പത്തിക വർഷം വീട് വയറിംഗ്(ജനറൽ) പ്രവൃത്തി നടത്തുകയുണ്ടായി.കേന്ദ്ര ഫിനാൻസ് കമ്മീഷൻ 304000 രൂപയും തനത്ഫണ്ടിൽ നിന്ന് 431000 രൂപയും വകയിരുത്തി.വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 735000 | 95000 | 1/19-20-60000/20.08.19 |
| | | | 08/19-20-15000/28.02.19 |
| | | | 11/19-20- 15000/12.03.20 |

| | | | |
|---|---|---|---|
| | | | 13/19-20 - 5000/26.03.20 |
| തനത് ഫണ്ട് | 431000 | ---- | |

പദ്ധതി പ്രവർത്തവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

1)മെയിൻ സ്വിച്ച്, എർത്തിങ്ങ് എന്നിവയ്ക്ക് പുറമെ 3 പോയിന്റ് വയറിങ്ങ് നടത്തിയതായിട്ടുള്ള വി.ഇ.ഒ/ ഓവർസിയർ -ടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2))ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള വയറിംഗ് സാധനങ്ങൾ ഉപയോഗിച്ചാണോ വയറിംഗ് നടത്തിയത് എന്ന ഉറപ്പാക്കുന്നതിനുള്ള സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല.

3)ഇലക്ട്രിക്കൽ വർക്കിനുപയോഗിച്ച എല്ലാ ഇലക്ട്രിക്കൽ ഉപകരണങ്ങളും ISI മുദ്ര ഉണ്ടായിരിക്കണം എന്ന നിഷ്കകർഷ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ- 3/11.03.2022).അപാകതകൾ പരിഹരിക്കുന്നതാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും തുടർ പദ്ധതി പ്രവർത്തനങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനും കർശനമായി ശ്രദ്ധിക്കേണ്ടതാണ്.

## 1-26 അഗതി രഹിത കേരളം -അപാകതകൾ

പ്രോജക്റ്റ് നം - S0043/20

പ്രോജക്റ്റിന്റെ പേര് -അഗതി രഹിത കേരളം പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

വകയിരുത്തൽ

വികസന ഫണ്ട് - 150000/-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 150000/-

ആകെ അടങ്കൽ - 300000/-

അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട 12 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി 25000/-രൂപ വീതം നൽകുകയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം. ആയതിനായി 300000/-രൂപ കുടുംബശ്രീ സി.ഡി.എസിന്റെ ഡെസ്റ്റിറ്റ്യൂട്ട് ഫ്രീ കേരളയുടെ 196701000007293 നം. അക്കൗണ്ടിൽ 23.1.20, 28.1.20 എന്നീ തിയതികളിൽ നൽകി.DFK അക്കൗണ്ടിൽ ലഭിച്ച 300000/- രൂപയിൽ 2019-20 വർഷം ചെലവില്ല.2020-21 വർഷം ഭവന പുനരുദ്ധാരണത്തിനായി തുക ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്,മേൽവിലാസം | അനുവദിച്ച തുക | ചെക്ക് നം/തീയതി |
|---|---|---|---|
| 1 | ഓമനക്കുട്ടി,താഴ്ചയിൽ | 25000 | 220807/17.4.20 |
| 2 | റോസമ്മ റോബർട്ട്,കറുകപ്പറമ്പിൽ | 25000 | 220811/13.5.20 |
| 3 | ലാലി ജോയി,കറുകപ്പറമ്പിൽ | 25000 | 220812/25.6.20(12500/-)<br>220816/4.11.20(12500/-) |
| 4 | ലീല,കൊടിവീട് | 25000 | 220815/25.9.20 |
| 5 | കൊച്ചുത്രേസ്യ,കുന്നേൽ | 12500 | 220820/27.2.21 |
| ആകെ ചെലവ് | | 112500/- | |

അപാകതകൾ ചുവടെ ചേർക്കുന്നു.

1) അഗതി രഹിത കേരളം- ഭവന പുനരുദ്ധാരണ ഗുണഭോക്തൃ ലിസ്റ്റിൽ 54 പേരുണ്ട്. ആയതിൽ 12 പേർക്ക് ആനുകൂല്യം നൽകാനായി ലക്ഷ്യമിട്ട പ്രോജക്ടിൽ നിന്നും 5 ഗുണഭോക്താക്കൾക്ക് മാത്രം ആനുകൂല്യം നൽകി.

2) കൊച്ചുത്രേസ്യ എന്ന ഗുണഭോക്താവിന്റെ ഭവന പുനരുദ്ധാരണ പ്രവൃത്തിയുടെ നിലവിലെ വിവരം, മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.

3)കരാർ ചമയ്ക്കാനായി ഗുണഭോക്താക്കൾ സമർപ്പിച്ച മുദ്രപ്പത്രങ്ങളിൽ യാതൊരു രേഖപ്പെടുത്തലും സാക്ഷ്യപ്പെടുത്തലും ഇല്ല.

4) 2019-20 വർഷം ഭവന പുനരുദ്ധാരണത്തിനായി ലഭിച്ച 300000/-രൂപയിൽ 112500/-രൂപ മാത്രമാണ് ചെലവഴിച്ചത്. 187500/-രൂപ അക്കൗണ്ടിൽ നിലനിൽക്കുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5/14.3.22),2019-20 വർഷത്തെ 54 പേർ ഉൾപ്പെട്ട ഗുണഭോക്തൃലിസ്റ്റിൽ നിന്ന് ആനുകൂല്യം നൽകാൻ ഉദ്ദേശിച്ച 12 പേരിൽ,ബാക്കി വന്ന 42 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 2020-21 വർഷത്തിൽ പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളതാണ്. 2018ലെ പ്രളയദുരിതാശ്വാസമായി ധനസഹായം ലഭിച്ചതിനാലും മറ്റു ഗുണഭോക്താക്കൾക്ക് അർഹത ഇല്ലാത്ത സാഹചര്യത്തിലുമാണ് 12 പേരിൽ നിന്ന് 5പേർക്ക് ആനുകൂല്യം നൽകിയത്.കൊറോണ പടർന്ന സാഹചര്യത്തിൽ ലോക്ഡൗൺ ഏർപ്പെടുത്തിയതിനാൽ ഗുണഭോക്താക്കൾക്ക് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് ബുദ്ധിമുട്ട് ഉണ്ടായിരുന്ന സാഹചര്യത്തിലാണ് ആനുകൂല്യം നൽകുന്നതിന് താമസം നേരിട്ടിട്ടുള്ളത്.അഡ്വാൻസ് തുക നൽകിയ ശ്രീമതി.കൊച്ചുത്രേസ്യ നിലവിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്.ആയതിന്റെ മൂല്യനിർണ്ണയസാക്ഷ്യപത്രം ലഭ്യമാക്കി ബാലൻസ് തുക നൽകുന്നതാണ്. നിലവിൽ മേൽ പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ ഇല്ലാത്ത സാഹചര്യത്തിൽ ബാക്കി തുക പഞ്ചായത്ത് കമ്മറ്റി തീരുമാനത്തോട് കൂടി R.O.P അക്കൗണ്ടിലേക്ക് തിരികെ അടവാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മറുപടി പ്രകാരം രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-27 അംഗൻവാടി അവലോകനം

ഗ്രാമപഞ്ചായത്തിൽ ആകെ 26 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. എല്ലാ അംഗനവാടികളും ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്വന്തമായി കെട്ടിടമുള്ള 17 അംഗൻവാടികളാണ് ഉള്ളത്. ബാക്കിയുള്ള 09 അംഗനവാടികളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ശേഷിക്കുന്ന 09 അംഗൻവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും സ്വീകരിക്കുന്നത് ഉചിതമായിരിക്കും. നിലവിൽ മൂന്ന് അംഗൻവാടിയ്ക്ക് മാത്രമാണ് ശിശുസൗഹൃദ ശൗചാലയം ഉള്ളത്. എല്ലാ അംഗൻവാടികൾക്കും ചുറ്റുമതിൽ ഉണ്ട് എന്നുള്ളത് അഭിനന്ദനാർഹമായ വസ്തുതയാണ്. 23 കുട്ടികളാണ് അംഗൻവാടികളിലെ ശരാശരി കണക്ക്. അംഗൻവാടികളിലെ വെൽഫയർ കമ്മറ്റികൾ യഥാസമയങ്ങളിൽ യോഗം ചേർന്ന് സാഹചര്യങ്ങൾ വിലയിരുത്തുകയും ശ്രദ്ധയിൽ കൊണ്ടുവരേണ്ട വിഷയങ്ങൾ ഉണ്ടെങ്കിൽ ആയത് അധികൃതരെ അറിയിക്കുകയും ചെയ്യേണ്ടതാണ്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് ഭരണസമിതി പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-28 പരസ്യങ്ങൾ നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതൽ നൽകുന്നത് പഞ്ചായത്തിനു നഷ്ടം-35339/-

ദർഘാസ് പരസ്യങ്ങൾ" വിൻഡോ മാതൃകയിൽ," രണ്ട് കോളം (8cm) (3 Cm)=24 Cm$^2$വലുപ്പത്തിലുള്ളതായിരിക്കണമെന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും (സ.ഉ(അ)/01/ 04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ടെൻഡർ, വാങ്ങലുകൾ എന്നിവയ്ക്കായി നൽകിയ ചില പരസ്യങ്ങൾ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. ഇത് പരസ്യചെലവ് കൂടുന്നതിനിടയാക്കി. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ്/ തീയതി ദിനപത്രം | വൌച്ചർ നം/ ചെക്ക് നം / തീയതി | പരസ്യത്തിന്റെ വലുപ്പം | ചെലവ് | അനുവദനീയമായ വലുപ്പം/ചെലവ് | അധികം നൽകിയത് |
|---|---|---|---|---|---|
| ALP/2019 /0396/4.7.2019 ദേശാഭിമാനി | 2190372/ 3099133/ 20.8.2019 | 6x8=48 Cm$^2$ @180/- | 8640/- 15% Discount(1296) +Tax (5%)367 =7711/- | 3x8=24cm$^2$ 4320/- 15% Discount(648) +Tax(5%)183.6 =3856/- | 3855/- |
| ALP/2019 /04/98971 /4.7.2019 ദേശാഭിമാനി | 220600101/ 14406/ 16.5.2019 | 5x8=40cm$^2$ @180/- | 7200/- 15%discount(1080) +Tax 5%(306) =6426/- | 3x8=24cm$^2$ 4320/- 15% Discount(648) | 2570/- |

| | | | | | |
|---|---|---|---|---|---|
| | | | | +Tax(5%)183.6 =3856/- | |
| ALP/2019 /0691/7069 /24.9.2019 ദേശാഭിമാനി | 21900476/ 3099147 /24.9.2019 | 5.5x8=40cm$^2$ @180/- | 7920/- 15%discount(1188) +Tax 5%(336.6) =7069/- | 3x8=24cm$^2$ 4320/- 15% Discount(648) +Tax (5%)183.6 =3856/- | 3213/- |
| ALP/2020 /1956/14.2.2020 ദേശാഭിമാനി | 21901143/ 2462136/ 19.3.2020 | 7x8=56cm$^2$ @180/- | 10800/- 15% Discount(-1512) + Tax(5%) 428.4 =8996/- | 3x8=24cm$^2$ 4320/- 15% Discount(648) +Tax (5%)183.6 =3856/- | 5140/- |
| ALP/2020 /2176/10.3.2020 ദേശാഭിമാനി | 21901245/ 2462149/ 28.3.2020 | 6x8=48 Cm$^2$ @180/- | 8640/- 15% Discount(1296) + Tax (5%)367 =7711/ | 3x8=24cm$^2$ 4320/- 15% Discount(648) +Tax(5%)183.6 =3856/- | 3855/- |
| ALP/2020 /2102/4.3.2020 ദേശാഭിമാനി | ,, | 7x8=56cm$^2$ @180/- | 10800/- 15% Discount(-1512) + Tax(5%) 428.4 =8996/- | 3x8=24cm$^2$ 4320/- 15% Discount(648) +Tax(5%)183.6 =3856/- | 5140/- |
| ALP/2020 /2101/4.3.2020 ദേശാഭിമാനി | ,, | 8x8=64cm$^2$ @180/- | 11520/- 15% Dis(-1728) + Tax(5%) 489.6 =10282/- | 3x8=24cm$^2$ 4320/- 15% Discount(648) +Tax(5%)183.6 =3856/- | 6426/- |
| ALP/2020 /2089/1.3.2020 ദേശാഭിമാനി | ,, | 5x8=40cm$^2$ @180/- | 7200/- 15%discount(1080) +Tax 5%(306) =6426/- | 3x8=24cm$^2$ 4320/- 15% Discount(648) +Tax(5%)183.6 =3856/- | 2570/- |
| ALP/2020 /2032/26.2.2020 ദേശാഭിമാനി | ,, | 5x8=40cm$^2$ @180/- | 7200/- 15%discount(1080) +Tax 5%(306) =6426/- | 3x8=24cm$^2$ 4320/- 15% Discount(648) +Tax(5%)183.6 | 2570/- |

| | | | | | |
|---|---|---|---|---|---|
| | | | | =3856/- | |
| ആകെ | | | | | 35339/- |

പരസ്യങ്ങൾ നല്കമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം (40/21.3.2022)നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതു മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ 35339/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 1-29 റെയിൽവേയുടെ അനുമതിയില്ലാതെ പ്രദേശത്ത് നിർമ്മാണത്തിന് അനുമതി നൽകി

ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന വ്യക്തിക്ക് വീട് നിർമ്മിക്കുന്നതിന് അനുമതി നൽകി. എന്നാൽ പണി നാളിതുവരെ പൂർത്തിയാക്കിയില്ലായെന്ന് പരിശോധനയിൽ ബോധ്യമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും മേൽ വിലാസവും | വാർഡ് | വകയിരുത്തിയ തുക | ആകെ തുക | കൈപ്പറ്റിയ | എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി |
|---|---|---|---|---|---|---|
| 1 | ഷീല നടുവിലേപ്പറമ്പ്, പുന്നപ്ര | XIII | 400000 | 30000 | 40000/10.07.18<br>160000/04.01.19<br>100000/08.02.19 | 10.07.2018 |

പഞ്ചായത്തിൽ നിന്നുള്ള നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കേറ്റ് നൽകിയ പ്രകാരം വീട് പണി ആരംഭിച്ചെങ്കിലും പണിപൂർത്തിയാക്കാൻ സാധിച്ചില്ല.റെയിൽവേയുടെ അനുമതിയില്ലാത്തതാണ് കാരണം.വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും ലൈഫ് ഗുണഭോക്താക്കൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതിനും വീട്ടുനമ്പർ ആവശ്യമായി വന്നപ്പോൾ നടത്തിയ പരിശോധനയിലാണ് നിർമ്മാണം തീരദേശ റെയിൽവേ സോണിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ റെയിൽവേ അധികൃതരുടെ അംഗീകാരം വാങ്ങി മാത്രമേ നമ്പറിങ്ങ് സാധ്യമാകൂ എന്നത് കണ്ടെത്തിയത്. കടൽത്തീരപ്രദേശം, നാഷണൽ ഹൈവേ, റെയിൽവേ മുതലായ മേഖലകൾ ഗ്രാമപഞ്ചായത്തിൽ ഉണ്ടായതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവാദം നല്കമ്പോൾ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-30 പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്ത പരിശോധനയ്ക്ക് ശേഷവും ടാപ്പുകൾ വിച്ഛേദിക്കുന്നില്ല

കേരള വാട്ടർ അതോറിറ്റി,പി.എച്ച്.ഡിവിഷൻ,ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നവംബർ 2019ലെ 38611നം.ബിൽ പ്രകാരം 571 പൊതുടാപ്പുകളുടെ വെള്ളക്കരത്തിന്റെ ഡിമാന്റ് നോട്ടീസിന്റെ വിവരം ചുവടെ ചേർക്കുന്നു.

Closing Balance As On 31.10.2019 -1827012/-

Fine -35847/-

Demand For The Month -249813/-

Other Charges -0/-

Amount Payable -2112672/-

3099169/27.11.19 നം.ചെക്ക് മുഖേന തന്മാസ ഡിമാന്റ് തുക.249813/-രൂപ അടവാക്കി. അതിനുശേഷം ഡിസംബർ 2019ൽ ലഭ്യമായ 39315നം ബിൽ പ്രകാരമുള്ള 571 പൊതുടാപ്പുകളുടെ വെള്ളക്കരത്തിന്റെ ഡിമാന്റ് നോട്ടീസിന്റെ വിവരം ചുവടെ ചേർക്കുന്നു.

Closing Balance As On 30.11.2019 -1862859/-

Fine -36540/-

Demand For The Month -249813/-

Other Charges -0/-

Amount Payable -2149212/-

3099186/26.12.19 നം.ചെക്ക് മുഖേന തന്മാസ ഡിമാന്റ് തുക.249813/-രൂപ അടവാക്കി. അതിനുശേഷം ജനവരി 2020ൽ ലഭ്യമായ 40092നം ബിൽ പ്രകാരമുള്ള 571 പൊതുടാപ്പുകളുടെ വെള്ളക്കരത്തിന്റെ ഡിമാന്റ് നോട്ടീസിന്റെ വിവരം ചുവടെ ചേർക്കുന്നു.

Closing Balance As On 31.12.2019 -3601430/-

Fine -71298/-

Demand For The Month -249813/-

Other Charges -0/-

Amount Payable -3922541/-

അപാകത ചുവടെ ചേർക്കുന്നു.

I)2019 ഡിസംബറിൽ അടവാക്കേണ്ടിയിരുന്ന തുക -2149212/-

2019 ഡിസംബറിൽ അടവാക്കിയ തുക -249813/-

2019 ജനുവരിയിൽ അടവാക്കേണ്ടിയിരുന്ന തുക -3922541/-

കേരള വാട്ടർ അതോറിറ്റി,പി.എച്ച്.ഡിവിഷൻ,ആലപ്പുഴ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ 17.1.2020 ലെ എ2/4547/18 നം.കത്ത് പ്രകാരം ,പുന്നപ്ര ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള വെള്ളക്കര കുടിശ്ശിക തുകയിൽ നിന്നും 2312445/- രൂപ കുറവ് വരുത്തിയതായി വാട്ടർ അതോറിറ്റി മുഖ്യ കാര്യാലയത്തിൽ നിന്നും അറിയിച്ചിരുന്നു. എന്നാൽ ആയത് തെറ്റായി രേഖപ്പെടുത്തിയതാണെന്നും പ്രസ്തുത തുക കുറവ് ചെയ്തത് റദ്ദ് ചെയ്തതായി മുഖ്യ കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. ആകയാൽ ബിൽ നം.40092/16.1.20 പ്രകാരമുള്ള ബില്ലിൽ പ്രസ്തുത തുക അധികമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, ഇതു സംബന്ധിച്ച് ആക്ഷേപം ഉണ്ടെങ്കിൽ മുഖ്യ കാര്യാലയവുമായി ബന്ധപ്പെടണമെന്നും അറിയിച്ചിരുന്നു.

ഒരു മാസത്തെ ഇടവേളയിൽ 1773329/-രൂപ അധികമായി വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തതിന് കാരണം, ഇതിൻമേൽ ആക്ഷേപം ഉന്നയിച്ചെങ്കിൽ തുടർന്നുള്ള വിവരം, പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ച നടപടി, അവസാനമായി വാട്ടർ അതോറിറ്റിയുമായി സംയുക്തമായി ജോയിന്റ് വെരിഫിക്കേഷൻ നടത്തിയ തീയതി, ആയതിന്റെ ഫയൽ പരിശോധനക്ക് ഹാജരാക്കുക എന്നിവയുമായി ബന്ധപ്പെട്ട് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 18 തീയതി.16.3.22),ലഭ്യമാക്കിയ മറുപടി പ്രകാരം,ആകെയുള്ള 17 വാർഡുകളിൽ 15 വാർഡുകളിൽ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| Ward No | For Disconnection(no) | Disconnected At Tap Point(Borring Point DC Required) | LIVE- To Be Retain |
|---|---|---|---|
| 1 | 29 | 4 | 3 |
| 2 | 20 | 7 | 9 |
| 3 | 11 | 1 | 1 |
| 4 | 9 | 4 | 3 |
| 5 | 11 | 39 | 0 |
| 6 | 12 | 27 | 1 |
| 7 | 5 | 2 | 5 |
| 8 | Joint Inspection Not Completed | | |
| 9 | 7 | 0 | 0 |
| 10 | 7 | - | 2 |
| 11 | 7 | 4 | 7 |
| 12 | 11 | 1 | 3 |
| 13 | 39 | 6 | 1 |
| 14 | 25 | 3 | 6 |
| 15 | 21 | 7 | 22 |
| 16 | Joint Inspection Not Completed | | |
| 17 | 31 | 1 | 3 |
| | 245 | 106 | 66 |

മേൽ പട്ടിക പ്രകാരം 245 ടാപ്പുകൾ വിച്ഛേദിക്കുന്നതിനായി ആലപ്പുഴ WSP സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 7.3.22 ൽ KWA/AE/PH/GEN നമ്പറായി ആലപ്പുഴ പി.എച്ച്.സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് കത്ത് നൽകി.എന്നാൽ നാളിതുവരെ വാട്ടർ അതോറിറ്റി ടാപ്പുകൾ വിച്ഛേദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. നിലവിലും 571 പൊതുടാപ്പുകളുടെ വെള്ളക്കരം നൽകുന്നത് തുടരുന്നു. 245 ടാപ്പുകൾ അടിയന്തിരമായി വിച്ഛേദിക്കുന്നതിനും അതുവഴി വെള്ളക്കരം കുറയ്ക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 നെൽവിത്ത് - വിതരണ രേഖകൾ പൂർണ്ണമല്ല

പ്രോജക്ട് നം - S0034/20

പ്രോജക്ടിന്റെപേര് - നെൽവിത്ത് സബ്സിഡി

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

വകയിരുത്തൽ

വികസന ഫണ്ട്(എസ്.സി.പി) - 1925000/-

ചെലവ് വിവരം താഴെ ചേർക്കുന്നു.

1)ബിൽ നം.3/19-20/25.9.19ഉക.1924020/-

Kerala State Seed Development Authority, തൃശ്ശൂരിൽ നിന്നും ഉമ നെൽവിത്ത് 42/-രൂപ നിരക്കിൽ വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നം/തീയതി | അളവ്(കി.ഗ്രാം) | കിലോയ്ക്ക് 42/-രൂപ പ്രകാരം ആകെ തുക |
|---|---|---|---|
| 1 | 178/2019-20 /10.5.19 | 3210 | 134820 |
| 2 | 225/2019-20 /15.5.19 | 10020 | 420840 |
| 3 | 237/2019-20 /16.5.19 | 5520 | 231840 |
| 4 | 238/2019-20 /16.5.19 | 10020 | 420840 |
| 5 | 260/2019-20 /17.5.19 | 3000 | 126000 |
| 6 | 291/2019-20 /23.5.19 | 3090 | 129780 |
| 7 | 354/2019-20 /4.6.19 | 10020 | 420840 |
| 8 | 416/2019-20 /11.6.19 | 930 | 39060 |
| ആകെ | | 45810കി.ഗ്രാം | 1924020/- |

വിതരണ രജിസ്റ്റർ പ്രകാരം പാടശേഖര സമിതി സെക്രട്ടറിമാർക്ക് നെൽവിത്ത് വിതരണം ചെയ്തതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പാടശേഖര സമിതി | അളവ്(കി.ഗ്രാം) |
|---|---|---|
| 1 | വെട്ടിക്കരി പാടശേഖര സമിതി | 20100 |
| 2 | പൊന്നകരി കുമ്പളത്താക്കൽക്കരി പാടശേഖര സമിതി | 11000 |
| 3 | പുന്നുരം തെക്ക് പാടശേഖര സമിതി | 8890 |
| 4 | പര്യക്കാടൻ പാടശേഖര സമിതി | 3660 |
| 5 | പറപ്പിൽ പാടശേഖര സമിതി | 1300 |
| 6 | പുത്തൂർ 46 ൽ പാടശേഖര സമിതി | 280 |
| ആകെ | | 45230 |

അപാകത ചുവടെ ചേർക്കുന്നു.

KSSDA യിൽ നിന്ന് ആകെ വാങ്ങിയ നെൽവിത്ത് 45810കി.ഗ്രാം. വിതരണം ചെയ്തത് 45230കി.ഗ്രാം. 580 കി.ഗ്രാം നെൽവിത്ത് വിതരണം ചെയ്തതിന് രേഖകളില്ല.അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20 / 17.3.22), ലഭ്യ മാക്കിയ മറുപടിയിൽ 580കി.ഗ്രാം നെൽവിത്ത് തടത്തിൽ പാടശേഖരത്തിനാണ് നൽകിയതെന്നും ആയതിന് പാടശേഖര സമിതി സെക്രട്ടറിയുടെ കൈപ്പറ്റ് രശീതും ഹാജരാക്കി.എന്നാൽ വിതരണ രജിസ്റ്ററിൽ തടത്തിൽ പാടശേഖര സമിതിയുടെ പേര് ഉൾപ്പെട്ടിട്ടില്ല. തന്നെയുമല്ല കർഷകർക്ക് നെൽവിത്ത് വിതരണം ചെയ്ത സ്റ്റേറ്റ്മെന്റിൽ 580കി.ഗ്രാം നെൽവിത്തിന്റെ വിതരണവിവരവുമില്ല. ആയതിനാൽ 580കി.ഗ്രാം നെൽവിത്തിന്റെ വിലയായ 24360/-രൂപയുടെ (580X42)ചെലവ് തടസ്സപ്പെടുത്തുന്നു. വിതരണരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 ചെലവ് രേഖകളുടെ അഭാവത്തിൽ 900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു-

വെറ്ററിനറി സർജന്റെ 2019-20 വർഷത്തെ ട്രഷറി ബിൽ ബുക്കിൽ നിന്നും പ്രൊജക്ട് നം. 84 ( മുട്ടക്കോഴി വിതരണം) എന്ന പ്രൊജക്ടിനായി ബിൽ നം. 1/19-20,dt.30-03-20 പ്രകാരം 900/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ചെലവിനാധാരമായ രേഖകൾ, പ്രൊജക്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ടി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുവാനാവശ്യപ്പെട്ട് എൻക്വയറി (1 ) നൽകിയെങ്കിലും, രേഖകൾ ഹാജരാക്കുകയോ, മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ 900/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 എസ്റ്റിമേറ്റ് അളവിൽ ലിമിറ്റ് ചെയ്യാതെ കരാറുകാരന് തുക നൽകി - അധിക ചെലവ്

15559/-രൂപ

അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ 13-ാം വാർഡിൽ സുനാമി കോളനിയിലേക്കുള്ള റോഡ് ടാറിംഗ് എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 279 മീറ്റർ ടാറിംഗും, 15 മീറ്റർ നീളത്തിൽ കോൺക്രീറ്റ് റോഡ് നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ കോൺക്രീറ്റ് റോഡ് നിർമ്മാണ പ്രവർത്തി നടത്തിയപ്പോൾ , എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്താതെ ചെയ്ത പ്രവർത്തിക്ക് മുഴുവനായും തുക അനുവദിച്ച നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേജ് നം.,ഇനം. | എസ്റ്റിമേറ്റ് പ്രകാരവും എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരവും ഉള്ള അളവ് | അളവുപുസ്തകം പ്രകാരം നിർവ്വഹിച്ചതും, തുക കണക്കാക്കിയതുമായ അളവ്. | എസ്റ്റിമേറ്റ് പ്രകാരം. | | അളവുപുസ്തകം പ്രകാരം നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| | | | അനുവദനീയമായ അളവ്. | നൽകേണ്ട തുക. | | |
| 13,<br>1:4:8<br>കോൺക്രീറ്റിംഗ് | 3.45m3 | 4.83m3 | 3.45m3 | 23546/-<br>@6825/m3 | 32964/- | 9418/- |
| 17,<br>1:2:4<br>കോൺക്രീറ്റിംഗ്. | 1.725m3 | 2.415m3 | 1.725m3 | 15352/-<br>@8900/m3 | 21493/- | 6141/- |
| | | | | | ആകെ | 15559/- |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17) ലഭ്യമാക്കിയ മറുപടിയിൽ ഈ പ്രവർത്തിയിൽ 2 ഇനങ്ങൾക്ക് 40% വ്യതിയാനം സംഭവിച്ചിട്ടുണ്ടെന്നും, എന്നാൽ ടിഎസ്സ് തുകയ്ക്കുള്ളിലാണ് ഫൈനൽ തുക നൽകിയതെന്നും, ബില്ല് പാസ്സാക്കി നൽകിയതിനാൽ, പാസ്സിംഗ് അതോറിറ്റി എന്ന നിലയിൽ തുക നൽകുകയെന്ന നടപടി മാത്രമെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ നിർവ്വഹിച്ചിട്ടുള്ളുവെന്നും, അമ്പലപ്പുഴ AEE യുടെ കാര്യാലയത്തിൽ നിന്നും റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകിയിട്ടുള്ളതാണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ ടി രേഖകളൊന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്.അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

അനുബന്ധ വിവരങ്ങൾ-

പ്രവർത്തിയുടെ പേര് - 13-ാം വാർഡിൽ സുനാമി കോളനിയിലേക്കുള്ള റോഡ് ടാറിംഗ്

അടങ്കൽ - 600000/- (MGNR)

ചെലവ് വിവരം- 593270/-രൂപ, ബിൽ നം.17/19-20, Dt.02/07/19

കരാറുകാരൻ - ഷൈജു, അറവുകാട്.

MB.No.105/18-19

ആകെ മൂല്യം - 593270/-രൂപ

## 1-34 എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ- സോളിഡ് ബ്ലോക്ക് മേസനറിക്ക് അധിക നിരക്ക്-നഷ്ടം- 5143/- രൂപ.

അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ ഒരു പദ്ധതിയായിരുന്നു കുറവൻതോട് ജംഗ്ഷനിൽ എയറോബിക് കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ. (പിന്നീട് കമ്മിറ്റി തീരുമാനപ്രകാരം ഒന്നാം വാർഡിലേക്ക് മാറ്റി സ്ഥാപിച്ചു. ) IRTC, മുണ്ടൂർ, പാലക്കാട് മുഖേനയാണ് ഈ പദ്ധതി നിർവ്വഹിച്ചിട്ടുള്ളത്. ഫയലിൽസൂക്ഷിച്ചിട്ടുള്ള എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കുറവൻതോട് ജംഗ്ഷനിൽ രണ്ട് യൂണിറ്റ് എയറോബിക്

കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എസ്റ്റിമേറ്റ് പ്രകാരം അപ്പൻഡിക്സ് എ ആയി കളക്ഷൻ ബിൻ നിർമ്മാണവും, അപ്പൻഡിക്സ് ബി ആയി ഷെഡ് നിർമ്മാണവുമാണ് ലക്ഷ്യമിട്ടിരുന്നത്. ഫയൽ പരിശോധിച്ചതിൽ , ഒന്നാം വാർഡിൽ ഒരു യൂണിറ്റിന്റെ നിർമ്മാണം മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് കണ്ടു. എൽ ഐ ഡി & ഇ ഡബ്ല്യ, അസ്സി.എൻജിനീയർ അംഗീകാരം നൽകിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹിച്ചിട്ടുള്ള ഈ പ്രവർത്തി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സോളിഡ് ബ്ലോക്ക് മേസനറിക്ക് അധിക നിരക്ക് നൽകി-

അളവുപുസ്തകം പേജ് 4 പ്രകാരം ഇനം 2-2 ആയി ചുവടെചേർക്കുന്ന അളവിൽ സോളിഡ് ബ്ലോക്ക് മേസനറി ഉപയോഗിച്ച് ഫൌണ്ടേഷൻ നിർമ്മാണം നടത്തിയിട്ടുണ്ട്.

Longwall-2x7.99x0.40x0.40 = 2.56m3

Shortwall- 2x2.02x0.40x0.40m =0.646m3

= 3.206m3

അളവുപുസ്തകം പേജ് 6 പ്രകാരം ഇനം 2-2 ആയി ഫൌണ്ടേഷന് മുകളിൽ ബേസ് മെന്റും സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് ചുവടെ ചേർത്തിട്ടുള്ള അളവിൽ നിർമ്മിച്ചിട്ടുണ്ട്.

ബേസ് മെന്റ് -Longwall-2x7.99x0.20x0.54 = 1.725m3

Shortwall – 2x2.62x0.20x0.54 = 0.566m3

Step - 1x1.2x0.25x0.30 = 0.90m

ആകെ = 2.381m3

ആകെ 5.587m3 നിർവ്വഹിക്കുകയും, ആയതിന് M3 ന് 6171.06/m3 നിരക്കിൽ 34477/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

ഈ പ്രവർത്തിക്ക് സ്പെസിഫിക്കേഷൻ കോഡ് 50.6.1.6 പ്രകാരം " Solid Block Masonary Using..........for Super Structure Above Floor Two Level Up To Floor Five Level Thickness 20cm.....etc Complete എന്ന , രണ്ടു മുതൽ അഞ്ച് വരെയുള്ള കെട്ടിടങ്ങളുടെ സോളിഡ് ബ്ലോക്ക് നിർമ്മാണത്തിനുള്ള നിരക്കാണ്. സോളിഡ് ബ്ലോക്ക് ഉപയോഗിച്ചുള്ള ഫൌണ്ടേഷൻ & പ്ലിന്ത് നിർമ്മാണത്തിന് അനുവദനീയമായ നിരക്ക് സ്പെസിഫിക്കേഷൻ കോഡ് 50.6.2.1 പ്രകാരമുള്ളതാണ്.ആയത് എം3ന് 5539.09/m3 എന്ന നിരക്കാണ്. ഈ പ്രവർത്തിക്ക് അനുവദനീയമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

5.587m3 X 5539.09/m3 = 30496/-രൂപ.
നൽകിയത് = 5.587m3 X 6171.06/m3 = 34477/- രൂപ
അധികം നൽകിയത് –34477 –30496 = 3981/- രൂപ + 12% ജിഎസ്ടി = 3981+477 = 4458/- രൂപ

2.പെയിന്റിങ്ങിന് ആവശ്യമില്ലാത്ത ഇനം നിർവ്വഹിച്ചു -

അളവുപുസ്തകം പേജ് 39 ൽ പ്രകാരം ഇനം 12 ആയി ബേസ് മെന്റ് ചുവടെ ചേർത്തിട്ടുള്ള അളവിൽ പ്രൈമർ ഉപയോഗിച്ച് പെയിന്റിംഗ് നടത്തിയിട്ടുണ്ട്. (സ്പെസിഫിക്കേഷൻ കോഡ് - 13.85.1)

1x 22.02x0.54 = 11.89m2 .

ഈ പ്രവർത്തിക്ക് M2 ന് 53.45 രൂപ നിരക്കിൽ 612.54 രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

തുടർന്ന് ഇനം 13 ആയി ബേസ് മെന്റിൽ " Distempering With Oil Bound എwashable Distember Of...........and Including Priming Coat With Water Thinnable Cement Primer” എന്ന ഇനവും ചുവടെ ചേർത്തിട്ടുള്ള അളവിൽ നിർവ്വഹിച്ചിട്ടുണ്ട്. (സ്പെസിഫിക്കേഷൻ കോഡ് - 13.41.1)

1x 22.02x0.54 = 11.89m2

ഈ പ്രവർത്തിക്ക് M2 ന് 130.25 രൂപ നിരക്കിൽ 1492.66 രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.( 11.46m2 ൽ ലിമിറ്റ് ചെയ്തു നൽകി.) ഈയിനത്തിൽ സിമന്റ് പ്രൈമർ ഉപയോഗിച്ചുള്ള പെയിന്റിംഗ് കൂടി ഉൾപ്പെട്ടിട്ടുള്ളതിനാൽ ഇനം 12 ആയി നിർവ്വഹിച്ചിട്ടുള്ള സിമന്റ് പ്രൈമർ ഉപയോഗിച്ചുള്ള പെയിന്റിംഗിന് തുക നൽകേണ്ടതില്ല. ആയതിനാൽ ഈയിനത്തിൽ 612 +73 ( 12% ജിഎസ്ടി) = 685/-രൂപ.
ഒട്ടാകെ അധികം നൽകിയത് = 4458 + 685 = 5143/- രൂപ. സൈറ്റ് പരിശോധന നടത്തിയതിൽ ഈ യൂണിറ്റ് നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന് കണ്ടു. പ്രവർത്തനമില്ലാതെ അടച്ചിട്ടിരിക്കുന്നതിനാൽ പലതും ഗ്രില്ലുകളൊക്കെ നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിലുമാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും, നിലവിലെ സ്ഥിതി അറിയിക്കുവാനാവശ്യപ്പെട്ടും നൽകിയ എൻക്വയറിക്ക് (11 ) ലഭ്യമാക്കിയ മറുപടിയിൽ സാങ്കേതിക

അനുമതി നൽകിയതിൽ AEE ഓഫീസിന് വന്ന പിഴവ് മൂലമാണ് തെറ്റായ ഇനങ്ങൾ എസ്റ്റിമേറ്റിൽ അംഗീകരിക്കപ്പെട്ടതെന്നും, ടി പദ്ധതിയുടെ റീ- ടെൻഷൻ തുക പഞ്ചായത്തിൽ ഇപ്പോഴും തിരികെ നൽകാതെ സൂക്ഷിച്ചിട്ടുണ്ടെന്നും, ആയതിൽ നിന്നും ടി തുക ഈടാക്കുന്നതാണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികം നൽകിയ തുക ഈ ഏജൻസിയിൽ നിന്നും തിരികെ ഈടാക്കേണ്ടതും ഈ എയറോബിക് കംപോസ്റ്റ് യൂണിറ്റുകൾ അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അനുബന്ധ വിവരങ്ങൾ –

അടങ്കൽ – 344000/-, വികസനഫണ്ട്. ( പ്രൊജക്റ്റ് നം.48/19)

ചെലവ് വിവരം- 68800/- ബിൽ നം. 29/19-20, 2-12-19

## 1-35 ക്രമപ്രകാരമല്ലാതെ തുക ചെലവഴിക്കുന്ന

തീരപ്രദേശങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തിൽ പ്രധാനമായും മൂന്ന് പൊഴികളാണുള്ളത്. കടൽക്ഷോഭവും വേലിയേറ്റവും കാരണം പൊഴിഅടഞ്ഞ് വെള്ളക്കെട്ട് ഉണ്ടാകുന്നതുമൂലം പൊഴികൾ വർഷത്തിൽപലതവണ മുറിക്കേണ്ടതായി വരുന്നു.ജെ.സി.ബി ഉപയോഗിച്ച് പൊഴിമുറിക്കുന്നതിനായി തനതുഫണ്ടിൽ നിന്നും തുകചെലവഴിച്ചിരിക്കുന്നത് ജെ.സി.ബി ട്രിപ്പ് ഷീറ്റിന്റെയും വാർഡ് മെമ്പറുടെ സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിലാണ്. ജെ.സി.ബി ട്രിപ്പ് ഷീറ്റ് പ്രകാരമുള്ള തുകയുടെ ചെക്ക് നൽകേണ്ടത് ജെ.സി.ബി ഉടമയ്ക്കാണെങ്കിലും വാർഡ് മെമ്പറുടെ പേരിലാണ് ചെക്ക് നല്കുന്നതും തുക കൈപ്പറ്റിയിരിക്കുന്നതും.ഇത് ക്രമവിരുദ്ധമാണ്. ധന വിനിയോഗവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് 12-04-06 ൽ പുറപ്പെടുവിച്ച ജി.ഒ(പി) 177/06 -ാം നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം 1000/- രൂപയിൽ കൂടുതലുള്ള തുകകൾ സ്ഥാപനം /വ്യക്തികൾ എന്നിവർക്ക് പണമായി നൽകാവുന്നതല്ലെങ്കിലും ഇപ്രകാരം 2019-20വർഷത്തിൽ തുക ചെലവഴിച്ചതിന്റെ വിവരം താഴെകൊടുക്കുന്നു.

| ക്രമ നം | വൌച്ചർ നം/തീയതി | ചെലവിനം | ചെക്ക് നം/തീയതി | |
|---|---|---|---|---|
| 1 | 21900179/ 11.6.2019 | 10.6.2019ൽ വാവാക്കാട് പൊഴി മുറിച്ചത് | 14426/11.6.19 | 4550/- |
| 2 | 21900180/ 11.6.2019 | 10.6.19ൽ കൊച്ചുപൊഴി മുറിച്ചത് | 14434/11.6.19 | 3770/- |
| 3 | 21900305/ 25.7.19 | 19.7.19 ൽ കൊച്ചുപൊഴി മുറിച്ചത് | 16426/25.7.19 | 4550/- |
| 4 | 21900361/ 13.8.2019 | 8.8.19ൽ വാവാക്കാട് പൊഴി മുറിച്ചത് | 16447/13.8.19 | 5850/- |
| 5 | 21900403/ 30.8.2019 | 25.8.19 ൽ വാവാക്കാട് പൊഴി മുറിച്ചത് | 16467/30.8.19 | 3250/-/ |
| 6 | 21900463/ 19.9.2019 | 18.9.19 ൽ വാവാക്കാട് പൊഴി മുറിച്ചത് | 17541/19.9.19 | 3900/- |
| 7 | 21900465/ 19.9.2019 | 18.9.19 ൽ കൊച്ചുപൊഴി മുറിച്ചത് | 17542/19.9.19 | 4940/- |
| 8 | 21900484/ 30.9.2019 | 26.9.2019 ൽ കൊച്ചുപൊഴി മുറിച്ചത് | 17549/30.9.2019 | 2500/- |
| 9 | 21900518/ 3.10.2019 | 29.9.2019,30.9.2019, 2.10.2019എന്നീ തീയതികളിൽ കൊച്ചു പൊഴി മുറിച്ചത് | 17557/3.10.2019 | 12480/- |
| 10 | 21900534/ 10.10.2019 | 2.10.2019,5.10.2019, 8.10.2019എന്നീ | 17564/10.10.2019 | 8380/- |

| | | | | |
|---|---|---|---|---|
| | | തീയതികളിൽവാവാക്കാട് പൊഴി മുറിച്ചത് | | |
| 11 | 21900564/ 11.10.2019 | 4.10.2019,6.10.2019, 8.10.2019 എന്നീ തീയതികളിൽ കൊച്ചുപൊഴി മുറിച്ചത് | 17568/11.10.2019 | 11700/- |
| 12 | 21900562/ 18.10.2019 | 17.10.2019ൽ വാവാക്കാട് പൊഴി മുറിച്ചത് | 17574/18.10.2019 | 3300/- |
| 13 | 21900563/ 18.10.2019 | 16.10.2019ൽ കൊച്ചുപൊഴി മുറിച്ചത് | 17575/18.1.2019 | 2520/ |
| 14 | 21900571/ 25.10.2019 | 21.10.2019ൽ കൊച്ചുപൊഴി മുറിച്ചത് | 17580/25.10.2019 | 2600/- |
| 15 | 21900572/ 25.10.2019 | 24.10.2019ൽ കൊച്ചുപൊഴി മുറിച്ചത് | 17582/25.10.2019 | 4940/- |
| 16 | 21900617;21900618/ 2.11.2019 | 26,.10.2019, 31.10.2019ൽ കൊച്ചുപൊഴി മുറിച്ചത് | 17594/2.11.2019 | 6290/- |
| 17 | 21900669;21900670/ 25.11.2019 | 17.11.2019,22.11.19 എന്നീ തീയതികളിൽ വാവാക്കാട് പൊഴി മുറിച്ചത് | 17611/25.11.2019 | 5750/- |
| 18 | 21900671,21900672/ 25.11.2019 | 13,.11.2019, 18.11.2019ൽ കൊച്ചുപൊഴി മുറിച്ചത് | 17612/25.11.2019 | 7280/- |
| 19 | 21900687/ 27.11.2019 | 23.11..2019ൽ കൊച്ചുപൊഴി മുറിച്ചത് | 17616/27.11.2019 | 3770/- |
| 20 | 21900770,21900771/ 12.12.2019 | 29.11.19, 6.12.2019 എന്നീ തീയതികളിൽ കൊച്ചുപൊഴിമുറിച്ചത് | 17640/12.12.2019 | 6110/- |
| 21 | 21900826/ 26.12.2019 | 15.12.2019ൽ കൊച്ചുപൊഴി മുറിച്ചത് | 18330/26.12.2019 | 3250/- |
| 22 | 21900827/ 26.12.2019 | 15.12.2019ൽ വാവാക്കാട് പൊഴി മുറിച്ചത് | 18331/26.12.2019 | 2500/ |
| 23 | 21900878/ 6.1.2019 | 19.12.2019ൽ വാവാക്കാട് പൊഴി മുറിച്ചത് | 18343/6.1.2019 | 2500/- |
| ആകെ | | | | 116150/- |

മേൽ സൂചിപ്പിച്ച അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (26/19.3.2022)നൽകിയതിന് ദുരന്തനിവാരണ പ്രവൃത്തികളുടെ ഭാഗമായി അടിയന്തിര ഘട്ടങ്ങളിലാണ് മെമ്പർമാരുടെ പേരിൽ തുകനൽകുന്നതെന്നാണ് മറുപടി ലഭ്യമാക്കിയതെങ്കിലും സർക്കാർ മാർഗ്ഗനിർദ്ദേശത്തിനനുസൃതമായിമാത്രം പണം ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 കംപോസ്റ്റ് യൂണിറ്റ് - പെയിന്റിംങ്ങിന് ആവശ്യമില്ലാത്ത ഇനം നിർവ്വഹിച്ചു -അധിക ചെലവ് - 1944/-രൂപ

അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ ഒരു പദ്ധതിയായിരുന്ന സുനാമി സെറ്റിൽമെന്റ് കോളനിയിലും, 14-ാം വാർഡിലും യഥാക്രമം രണ്ടും ഒന്നും വീതം

എയറോബിക് കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ.IRTC, പാലക്കാട് മുഖേനയാണ് ഈ പദ്ധതി നിർവ്വഹിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരം അപ്പൻഡിക്സ് എ ആയി കളക്ഷൻ ബിൻ നിർമ്മാണവും, അപ്പൻഡിക്സ് ബി ആയി ഷെഡ് നിർമ്മാണവുമാണ് ലക്ഷ്യമിട്ടിരുന്നത്. എൽ ഐ ഡി & ഇ.ഡബ്ല്യു അസ്സി.എൻജിനീയർ അംഗീകാരം നൽകിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹിച്ചിട്ടുള്ള ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവു പുസ്തകത്തിൽ CPWD സ്പെസിഫിക്കേഷൻ 13.41.1 പ്രകാരമുള്ള പെയിന്റിംഗ്, ഇനം 20 ആയി നിർവ്വഹിച്ചിട്ടുണ്ട്. ഇതിൽ സിമന്റ് പ്രൈമർ ഉപയോഗിച്ചുള്ള Primer Coat നുള്ള നിരക്ക് കൂടി ഉൾപ്പെടുത്തിയുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ആയതിനാൽ Applying Primer Coat With Primer......."എന്ന ഇനം പ്രത്യേകമായി നിർവ്വഹിക്കേണ്ടതില്ല. എന്നാൽ ഈ പ്രവർത്തിയിൽ ഇനം 19 ആയി Applying Primer Coat With Primer......." എന്ന ഇനം ( സ്പെസിഫിക്കേഷൻ കോഡ് – 13.85.1) നിർവ്വഹിച്ചതായി കാണിച്ച് ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

ഇനം 19 -"Applying Primer Coat With Primer......." = 3x 10.40m2 X 55.67/m2 = 1736 + ജിഎസ്സ്ടി കോമ്പൻസേഷൻ -12% = 208/- = 1944/-

സൈറ്റ് പരിശോധന നടത്തിയതിൽ ഈ യൂണിറ്റുകളൊന്നും തന്നെ നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന് കണ്ടു. പ്രവർത്തനമില്ലാതെ അടച്ചിട്ടിരിക്കുന്നതിനാൽ പലതും ഗ്രില്ലുകളൊക്കെ നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിലുമാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (38) ലഭ്യമാക്കിയ മറുപടിയിൽ സാങ്കേതിക അനുമതി നൽകിയതിൽ AEE ഓഫീസിന് വന്ന പിഴവ് മൂലമാണ് തെറ്റായ ഇനങ്ങൾ എസ്റ്റിമേറ്റിൽ അംഗീകരിക്കപ്പെട്ടതെന്നും, ടി പദ്ധതിയുടെ റീ- ടെൻഷൻ തുക പഞ്ചായത്തിൽ ഇപ്പോഴും തിരികെ നൽകാതെ സൂക്ഷിച്ചിട്ടുണ്ടെന്നും, ആയതിൽ നിന്നും ടി തുക ഈടാക്കുന്നതാണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികം നൽകിയ തുക ഈ ഏജൻസിയിൽ നിന്നും തിരികെ ഈടാക്കേണ്ടതും ഈ എയറോബിക് കംപോസ്റ്റ് യൂണിറ്റുകൾ അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.



കംപോസ്റ്റ് യൂണിറ്റ് പ്രവർത്തിക്കാത്ത നിലയിൽ

അനുബന്ധ വിവരങ്ങൾ-

പ്രൊജക്ട് നം.-94/20

അടങ്കൽ –1455000/- (455000/- വികസനഫണ്ട് (ജനറൽ) 1000000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് വിവരം – 283158/- ( ഫൈനൽ ബിൽ) ,ബിൽ നം.08/19-20 , Dt.21-06-20)

ആകെ ചെലവ് – 1209473/- ( ഒരു യൂണിറ്റിന് 403157/-രൂപ

## 1-37 വാഹന പരിപാലനം രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL04AK9376 നമ്പർ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ആയത് എഴുതി സൂക്ഷിക്കുന്നതു സംബന്ധിച്ച ധനവകുപ്പിന്റെ സർക്കുലർ നം 41/2008/ധനം .02/08/2008 -ലെ നിർദ്ദേശങ്ങൾ പലതും പാലിച്ചിട്ടില്ല.

1) വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരങ്ങൾ ,തൻമാസ അവസാന ദിവസം ഇന്ധന ഉപയോഗത്തിന്റെ സംക്ഷിപ്തം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2) വാഹനത്തെ സംബന്ധിച്ച് എഴുതി സൂക്ഷിച്ചിരിക്കേണ്ടതായ ഫ്യുവൽ രജിസ്റ്റർ.റിപ്പയേഴ്സ് &മെയിന്റനൻസ് രജിസ്റ്റർ എന്നിവയും 2019-20 വർഷത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

ലോഗ് ബുക്ക് ,വാഹനത്തെ സംബന്ധിച്ച മറ്റ് രജിസ്റ്ററുകൾ എന്നിവ സർക്കാർ മാർഗ്ഗനിർദ്ദേശാനുസരണം എഴുതി സൂക്ഷിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുമറുപടിയായി നിലവിൽ രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്.
ഇന്ധന ഉപഭോഗത്തിന്റെ കൃത്യത ഉറപ്പാക്കാൻ കസ്റ്റോഡിയൻ ഓഫീസറുടെയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഫുൾടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണ്. ഇന്ധനം നിറച്ച തീയതി, ടാങ്കിലെ ഇന്ധനത്തിന്റെ അളവ്, ഹാജരായിരുന്ന ആളുടെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ആറുമാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിക്കേണ്ടതുമാണ്. കൂടാതെ തൻമാസ ഇന്ധന ഉപഭോഗം സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തേണ്ടതാണ്. വാഹനങ്ങളുടെ പരിപാലനം സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം നടത്തേണ്ടതാണ്.

## 1-38 മെറ്റലിംഗ് പ്രവർത്തിക്ക് സപ്ലൈ ചെയ്ത അളവിനെക്കാൾ അധികം അളവുപുസ്തകത്തിൽ രേഖപ്പെടുത്തി അധിക ചെലവ്-9134/-രൂപ

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികളിൽ 1:4;8 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്. ഇതിന് 40mm മെറ്റൽ ഉപയോഗിച്ചതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ ബിൽ പ്രകാരം സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്ന അളവിനെക്കാൾ അധികം സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തി, ആ അളവിൽനിന്നും CPWD സ്പെസിഫിക്കേഷൻ പ്രകാരം വോയിഡ്സ് ഇനത്തിൽ 7.5% കുറവ് ചെയ്ത് അളവ് തിട്ടപ്പെടുത്തി തുക നൽകിയത് മൂലം കരാറുകാരന് അധികം നൽകാനിടയായി.വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി/വർക്ക് കോഡ്./ അളവുപുസ്തകം | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റലിന്റെ അളവ്. | അനുവദിച്ച അളവ് | ബിൽ പ്രകാരമുള്ള അളവിൽ നിന്നും 7.5% കുറവു ചെയ്ത ശേഷം അനുവദനീയമായ അളവ് | അധികം നൽകിയ തുക | FTO No./ തീയതി |
|---|---|---|---|---|---|---|
| 8- ാം വാർഡിൽ കൊച്ചി തയ്യിൽ നിന്നും | റാംസ് എൻജിനീയേഴ്സ് $ സർവ്വീസസ്, പ്രൈ.ലിമി. | 33 M3 | 32.71 M3 | 33 M3 – 2.475m3 = 30.525 M3 | 32.71m3- 30.525 M3 =2.185m3 @ 2250/m3 = | 14983/ 18-04-20, Rs-296933/- |

| | | | | | | |
|---|---|---|---|---|---|---|
| അടിച്ചിയിൽ രാജയുടെ വീട് വരെ റോഡ് നിർമ്മാണം./ 285630/ 145/19-20 | | | | | 4916/- | |
| 8- ാം വാർഡിൽ കൊച്ചു തയ്യിൽ നിന്നും കിഴക്കോട്ട് കറുകപറമ്പിൽ അഷറഫിന്റെ വീട് വരെ റോഡു നിർമ്മാണം. 285631/ 142/19-20 | റാംസ് എൻജിനീയേഴ്സ് $ സർവ്വീസസ്, പ്രൈ.ലിമി. | 25 M3 | 25m3 | 25m3–1.875m3 =23.12m3 | 25m3-23.12m3= 1.875m3 @2250/m3 =4218/- | 14189/ 26-05-20,(Q-bill) Rs-227544/- |
| | | | | ആകെ | 9134/- | |

ഇപ്രകാരം തെറ്റായ രീതിയിൽ മൂല്യം നിർണ്ണയിച്ച് കരാറുകാരന് അധികം തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (27 ) ലഭ്യമാക്കിയ മറുപടിയിൽ 40mm മെറ്റലും, ഗ്രവലും ഉപയോഗിച്ചുള്ള പ്രവർത്തികളിൽ വോയിഡ്സ് ഇനത്തിൽ 7.5%വും, കൺസോളിഡേഷൻ ഇനത്തിൽ 20% വും കുറവ് ചെയ്തതിന് ശേഷമാണ് കരാറുകാരന് തുക നൽകുന്നതെന്നും, ഡിഡക്ഷൻ ക്വാണ്ടിറ്റി കൂടി ചേർത്തുള്ള മെറ്റീരിയൽ ആണ് കരാറുകാരൻ നൽകുന്നതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കരാറുകാരൻ നൽകിയിട്ടുള്ള ജിഎസ്സ്ടി ബില്ല് പ്രകാരം സപ്ലൈ ചെയ്തിട്ടുള്ള അളവാണ് പ്രവർത്തിക്ക് മെറ്റീരിയൽ സപ്ലൈ ചെയ്തതായ ആധികാരമായ രേഖ. ഈ ബിൽ പ്രകാരമുള്ള ബില്ലിനെക്കാൾ അധികം കരാറുകാരൻ നൽകിയെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-39 ഗ്രാവൽ ഫില്ലിംഗ്- സപ്ലൈ ചെയ്ത അളവിനെക്കാൾ അധികം അളവുപുസ്തകത്തിൽ രേഖപ്പെടുത്തി- അധികം തുക നൽകി-6348/-

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിച്ചിട്ടുള്ള താഴെപ്പറയുന്ന കോൺക്രീറ്റിംഗ് റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഗ്രാവൽ സപ്ലൈ ചെയ്ത കരാറുകാരന് , ടിയാൻ ബിൽ പ്രകാരം സപ്ലൈ ചെയ്ത ഗ്രാവലിന്റെ അളവിനെക്കാൾ അധികം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി, അധികം തുക നൽകി. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി/വർക്ക് കോഡ്. | കരാറുകാരൻ | ബിൽ പ്രകാരം | 20% കൺസോളി | ബിൽ പ്രകാര | അധികം നൽകിയ | FTO No./തീയതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | കരാറുകാരൻ സപ്ലൈ ചെയ്ത ഗ്രാവലിന്റെ അളവ്./അളവു പുസ്തകത്തിൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയ അളവ്. | ഡേഷന് ശേഷം അനുവദിച്ച നൽകിയ അളവ്./തുക. @1000/m3 | മുള്ള അളവിൽ നിന്നും 10% കൺസോളിഡേഷൻ കുറവു ചെയ്ത ശേഷം അനുവദനീയമായ അളവ്./ അനുവദനീയമായ തുക. @1000/m3 | അളവ് / തുക | |
| 8- ാം വാർഡിൽ കൊച്ചി തയ്യിൽ നിന്നും അടിച്ചിയിൽ രാജയുടെ വീട് വരെ റോഡ് നിർമ്മാണം./ 285630/ 145/19-20 | റാംസ് എൻജിനീയേഴ്സ് $ സർവ്വീസസ്, പ്രൈ.ലിമി. | 36m3/46.218 M3 | 35.948 M3 /35948/- | 36 M3 – 3.6m3 = 32.40 M3/ 32400/-രൂപ | 35.948m3-32.40 M3 =3.548m3 = 3548/- | 14983/18-04-20, Rs-296933/- |
| 8- ാം വാർഡിൽ കൊച്ചു തയ്യിൽ നിന്നും കിഴക്കോട്ട് കറുകപറമ്പിൽ അഷറഫിന്റെ വീട് വരെ റോഡു നിർമ്മാണം. 285631/ 142/19-20 | റാംസ് എൻജിനീയേഴ്സ് $ സർവ്വീസസ്, പ്രൈ.ലിമി. | 28m3/34.43 M3 | 27.54m3/ 27540/- | 28m3–2.8m3 =25.2m3 / 25200/-രൂപ | 28m3-25.2 M3=2.8m3 =2800/-രൂപ | 14189/26-05-20, (Q-bill)Rs-227544/- |
| | | | | ആകെ | 6348/- | |

